തൊഴിൽ
കേന്ദ്രത്തിലേയ്ക്ക്

தொழிற்-

குருணாலேசன்

32328

തൊഴിൽ—
കേന്ദ്രത്തിലേക്കു്.

കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

കേരള സാഹിത്യ
അക്കാദമി

പ്രസാധകന്മാർ:
അന്തർജ്ജനസമാജം.

4
നമ്പൂതിരിപ്പാട്, എം. സി.
തൊഴിൽ കേന്ദ്രത്തിലേക്ക്

വില: 12ണ

ഒന്നാം പതിപ്പ് കോപ്പി 1000

Printed at
The Yogakshemam Press, Trichur.

1123 കക്കിടകം.

കേരളസാഹിത്യ അക്കാദമി

32328

അവതാരിക.

അന്ന്—1101-05 ഈ കൊല്ലങ്ങൾ—യോഗക്ഷേമസഭയുടെ പ്രവർത്തനം ഏറ്റവും സജീവമായി നടന്നുകൊണ്ടിരുന്ന ഒരു കാലമായിരുന്നു. അക്കാലത്തായിരുന്നു നമ്പൂതിരിയുവാക്കൾ സഭയുടെ കീഴിൽ ആവേശത്തോടും ആത്മാർത്ഥതയോടുംകൂടി അണിനിരന്നിരുന്നതു്. വിദ്യാഭ്യാസം, വിവാഹം, ഭാഗം എന്നീ പ്രാഥമികമായ ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ളതായിരുന്നു സഭയുടെ അന്നത്തെ സമരപരിപാടി. അന്നു് സമുദായരംഗത്തിൽ മാത്രമല്ല, ഇന്ത്യയിലാകെ, സമരകാഹളം മുഴങ്ങിക്കൊണ്ടിരുന്നു. സൈമൺകമ്മീഷന്റെ വരവും കോൺഗ്രസ്സിന്റെ പൂർണ്ണസ്വാതന്ത്ര്യപ്രഖ്യാപനവുമെല്ലാംകൂടി ഇന്ത്യൻരാഷ്ട്രീയരംഗം ഇളകി പ്രക്ഷുബ്ധമായിരുന്നു. ഭാവിഇന്ത്യയുടെ രൂപത്തെക്കുറിച്ചു ചിന്തിക്കുകയും മനോരാജ്യം വിചാരിക്കുകയും ചെയ്തിരുന്ന ടാഗോർ സ്വാതന്ത്ര്യം പിടിച്ചെടുത്ത ഒരു ജനത പുതിയ സമുദായഘടന കെട്ടിപ്പടുക്കുന്നതെങ്ങിനെയെന്നു നോക്കിക്കാണുവാനായി റഷ്യയിലേക്കു പുറപ്പെട്ടതും അക്കാലത്താണു്. ഇന്ത്യൻ സാഹിത്യത്തിലാകെ സോദ്ദേശ്യവും ദേശാഭിമാനോജ്ജ്വലവുമായ കലാനിർമ്മിതി ഉടലെടുക്കുകയായിരുന്നു. ചുരുക്കത്തിൽ സ്വാതന്ത്ര്യസമരത്തിന്റെ അല ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ എല്ലാ ജനവിഭാഗങ്ങളിലും അടിച്ചുകൊണ്ടിരുന്നു. ഇതു നമ്പൂതിരിസമുദായപ്രസ്ഥാനത്തേയും ഉശിരുപിടിപ്പിച്ചു. വിദേശാധിപത്യത്തിന്റെ സൃഷ്ടിയായ ജന്മിത്തത്തിന്റെ കാനലിൽ നില്ക്കുന്ന നമ്പൂതിരിയുടെ സാമുദായികപ്രസ്ഥാനം—അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടുമുള്ള സമരപരിപാടി—വാസ്തവത്തിൽ വെറും ഒരു സാമുദായികസമരം മാത്രമായിരുന്നില്ല; സ്വാതന്ത്ര്യസമരത്തിന്റെ ഒരു സജീവഭാഗം കൂടിയായിരുന്നു.

ഇന്ത്യയിലെ രാഷ്ട്രീയസമരം ടാഗോറിനെക്കൊണ്ടു 'ജനഗണമന'യും ഇക്ബാലിനെക്കൊണ്ടു 'സാരേ ജഹാൻ സേ അച്ഛാ ഹിന്ദുസ്ഥാൻ ഹമാരാ'യും വള്ളത്തോളിനെക്കൊണ്ടു 'പോരാ, പോരാ'യും എഴുതിച്ചുവെ

ങ്കിൽ നമ്മുടെ സാമുദായികസമരം ശ്രീ. വി. ടി.യെക്കൊണ്ടു "അടുക്കളയിൽനിന്നു് അരങ്ങത്തേയ്ക്കു" എന്ന പ്രഹസനവും എഴുതിച്ചു. സാമുദായികസമരത്തിൽനിന്നു ആവേശംപൂണ്ടു് സാമൂഹ്യപുരോഗതിയ്ക്കുവേണ്ടി സോദ്ദേശ്യമായി നടത്തുന്ന കലാനിർമ്മിതിമാത്രമേ ഉത്തമകലയായി വളരുകയുള്ളു; തികച്ചും പുരോഗമനാത്മകമായുള്ളു. ഈ അടിസ്ഥാനത്തിൽ സാമുദായികസമരവും സാഹിത്യവും പരസ്പരം കൈകോർത്തുപിടിച്ചിരുന്നു എന്നുള്ളതാണു് നമ്പൂതിരിസമുദായപ്രസ്ഥാനത്തിന്റെ സവിശേഷത. അതിന്നു് ഉദാഹരണമാണു് ശ്രീമാന്മാർ വി. ടി, മുത്തിരിങ്ങോടു്, എം. ആർ. ബി. തുടങ്ങിയവരുടെ സാഹിത്യകൃതികൾ. ഇന്ദുലേഖ കഴിഞ്ഞാൽ ഏററവും മികച്ച നോവലായ 'അഫന്റെ മകളും' നാടകങ്ങളിൽ ഏററവും മികച്ച ഒന്നായ 'ഋതുമതി'യും മലയാളസാഹിതിയ്ക്കു സമ്മാനിക്കുവാൻ നമ്പൂതിരിക്കു സാധിച്ചതു് സാമുദായികപ്രസ്ഥാനവും സാഹിത്യവും തമ്മിലുള്ള അഭേദ്യമായ ബന്ധം ഒന്നുകൊണ്ടുമാത്രമാണു്.

രാഷ്ട്രീയവും സാമുദായികവുമായ സമരത്തിന്റെ കാഹളമൂതിക്കൊണ്ടു പുരോഗമനസാഹിത്യപ്രസ്ഥാനം ജനങ്ങളെ ഉൽബുദ്ധരാക്കിക്കൊണ്ടിരുന്ന അവസരത്തിലായിരുന്നു യോഗക്ഷേമസഭ വീണ്ടും ഉയിർത്തെഴുന്നേററിട്ടുണ്ടായിരുന്നതു്. ഈ ഉൽബുദ്ധത പുതിയ കലാകാരന്മാരേയും പുതിയ കലാനിർമ്മിതിയേയും സമുദായത്തിന്നു സമ്മാനിച്ചു. ശ്രീമാന്മാർ, കെ. പി. ജി; പ്രേംജി, ഒ. എം. സി; അക്കിത്തം, ഒളപ്പമണ്ണ, അനുജൻ, എ. പി; തോട്ടം, പട്ടേരി എന്നിവരുടെ സമരാവേശം നല്കുന്ന പാട്ടുകൾ, ചെറുകവിതകൾ, നാടകങ്ങൾ, തുള്ളലുകൾ തുടങ്ങിയ കലാരൂപങ്ങൾ സാമുദായികസമരത്തിന്റെ മൂർച്ചകൂടിയ ആയുധങ്ങളായിരുന്നു. കൂട്ടത്തിൽ ഒരു സംഗതി ഞാൻ ഇവിടെ എടുത്തുപറയട്ടെ. നമ്മുടെ പല യുവസാഹിത്യകാരന്മാരും സാമൂഹ്യാവേശം വേണ്ടത്ര ഉൾക്കൊണ്ടുപോരുന്നില്ല. അതുകൊണ്ടാണു് അവരുടെ പ്രിയപ്പെട്ട കാമനയായ സാഹിതി ചിലപ്പോൾ മുന്നോട്ടും മററു ചിലപ്പോൾ പിന്നോട്ടും നോക്കി പാടുന്നതു്. നിങ്ങൾക്കിതു അനുഭവപ്പെടണമെങ്കിൽ ശ്രീ. അക്കിത്തത്തിന്റെ 'വീരവാദ'വും 'ദേശസേവിക'യും ഒന്നു് തട്ടിച്ചു വായിച്ചുനോക്കിയാൽ മതി. അതേപോലെത്തന്നെ ശ്രീ. ഒളപ്പമണ്ണയുടെ 'മാനുഷിയാവാൻ' എന്ന പാട്ടും 'തലനാരു്' എന്ന കവിതയും ഒന്നു തട്ടിച്ചുവായിച്ചുനോക്കുക. ശ്രീമാന്മാർ ഒളപ്പമണ്ണയും അനുജനുംകൂടി കമ്പനിയായി എഴുതിയ 'ഭാഗവിരോധി' എന്ന കവിത കഥകളിമുററത്തിന്റെ കമ്പംപിടിച്ച വിവരണംമാത്രമാ

യി കലാശിച്ചതു് രണ്ടുതരം പിന്നാഗതികൾ അവരിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ളതിന്നു തെളിവാണു്. ഈ യുവകവികൾ സാമൂഹ്യസമരാവേശത്തിൽ തങ്ങളുടെ തൂലികമുക്കി എഴുതുവാൻ തുടങ്ങിയാൽ മാത്രമേ മുൻപറഞ്ഞ അപശബ്ദങ്ങൾ കവിതകളിൽ വരാതെകഴിയുവാൻ പററുകയുള്ളു.

ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം പ്രസ്തുതഗ്രന്ഥമായ 'തൊഴിൽകേന്ദ്രത്തിലേയ്ക്കു' എന്ന നാടകവും നോക്കിക്കാണാൻ.

ഇന്ത്യൻ സ്ത്രീകളിലാകെ കാണുന്ന ഉൽബുദ്ധതതന്നെയാണു് അടുത്ത കാലത്തായി നമ്പൂതിരിസ്ത്രീകളിലും പരന്നുകാണുന്നതു്. നമ്പൂതിരിമാരുടെ അവശതകൾ ഏതാണ്ടൊക്കെ നീങ്ങിക്കഴിഞ്ഞിട്ടുണ്ടെങ്കിലും അന്തർജ്ജനങ്ങളുടെ അടിയന്തരാവശ്യങ്ങൾ തെല്ലും നിറവേററപ്പെടാതെയാണിരിക്കുന്നതു്. വിദ്യാഭ്യാസത്തിലും വിവാഹത്തിലുമുള്ള വിഷമതകൾ, തൊഴിൽപരമായ സ്വതന്ത്രജീവിതത്തിന്നുള്ള പ്രതിബന്ധങ്ങൾ, പുത്തൻ കുപ്പായമിട്ട പുരുഷമർദ്ദനങ്ങൾ എന്നിവകളോടു് അവർക്കു ഇന്നും സമരം ചെയ്യുകതന്നെ വേണം. അതുകൊണ്ടാണു് മുമ്പു് ഉണ്ണിനമ്പൂതിരിമാർ യോഗക്ഷേമപ്രസ്ഥാനത്തിന്റെ പിന്നിൽ അണിചേർന്നപോലെ ഇന്നു് സമുദായപ്രസ്ഥാനത്തിൽ അന്തർജ്ജനങ്ങൾ നമ്പൂതിരിയെ അപേക്ഷിച്ചു കൂടുതൽ ആവേശത്തോടുകൂടി പ്രവർത്തിക്കുവാൻ മുന്നോട്ടുവന്നിട്ടുള്ളതു്. അന്നു് വി. ടി.യുടെ 'അടുക്കളയിൽനിന്നു് അരങ്ങത്തേയ്ക്കു്' എന്ന പ്രഹസനം വൈദികാധികാരത്തിന്റെ ആയുധശാലയ്ക്കാണു് തീകൊടുത്തതെങ്കിൽ, ഇന്നു് 'തൊഴിൽകേന്ദ്രത്തിലേയ്ക്കു്' എന്ന ഈ നാടകം പുരുഷമേധാവിത്തത്തിന്റെ നേർക്കാണു് കൈയ്യോങ്ങുന്നതു്.

സ്ത്രീസ്വാതന്ത്ര്യത്തിന്നുവേണ്ടി സംസാരിക്കുകയും വാദിക്കുകയും ചെയ്യുന്ന കൃതികൾ വിശ്വസാഹിതിയാകെ എടുത്തുനോക്കിയാൽപ്പോലും ദുർല്ലഭമാണു്. 'ബുദ്ധിശക്തി ഉപയോഗിപ്പാൻ അധികാരമില്ലാത്ത ഗൃഹദേവതകളാവാനേ സ്ത്രീകൾ പാടുള്ളൂ' എന്ന വാദത്തെ ഇബ്സൻ മാത്രമാണു തന്റെ നാടകങ്ങളിലൂടെ ചോദ്യംചെയ്യുവാൻ മുതിന്നിട്ടുള്ളു. ഇതേ വാദത്തെത്തന്നെയാണു് പ്രസ്തുതനാടകവും എതിർക്കുന്നതു്. ഇതു നാടകത്തിലെ നായികയായ ദേവകിയിലൂടെ നമുക്കു സ്പഷ്ടമായിക്കാണാം.

പട്ടുസാരിയിലും പകിട്ടുള്ള ആഭരണത്തിലും മുങ്ങിക്കുളിച്ചുനില്ക്കാൻ മാത്രമേ ദേവകിയ്ക്കനുവാദമുള്ളു. സ്വന്തം ബുദ്ധിയുടേയും ഹൃദയത്തിന്റെ

യും ആവശ്യങ്ങൾ നിറവേററുവാൻ അവൾക്കധികാരമില്ല. നാവിന്മേൽ വന്ന പാട്ടിൻതുണ്ടുകൾ ഒന്നുമൂളാൻപോലും അവൾക്ക എതിർപ്പുകളെ തട്ടിനീക്കിയിട്ടുവേണ്ടിവന്നു. തൊഴിൽകേന്ദ്രത്തിലെ സ്വന്തം സഖിമാരോടു സംസാരിക്കുന്നതോ, നിയമലംഘനമായിരുന്നു. തൊഴിലെടുത്തു ജീവിക്കലിന്റെ പേരിൽ അവളെ അടുക്കളക്കാരിയാക്കാൻ നോക്കിയിരുന്നു. ശ്വാസംമുട്ടിയ്ക്കുന്ന ഈ അസ്വാതന്ത്ര്യങ്ങളോടുസമരംചെയ്താൽ മാത്രമേ തനിക്ക ഒരു വിശാലതയിലേക്ക വളരാൻ കഴിയൂ എന്നു ദേവകിക്ക തോന്നി. അങ്ങിനെ ദേവകി ഭർത്താവിനേയും തറവാടിനേയും വെടിഞ്ഞു സ്വാതന്ത്ര്യത്തെ ഭർത്താവായും തൊഴിൽകേന്ദ്രത്തെ തറവാടായും സ്വീകരിക്കുന്നു. സഹോദരിയെ വിററുകാശാക്കാൻ മുതിർന്ന ഉണ്ടവ്ററനെ ഒരു പാഠം പഠിപ്പിക്കുവാൻ പാർവ്വതിക്കും ദേവകിക്കും. ദേവസേനക്കുകരുത്തുണ്ടാക്കിയതു ഇതെസ്വാതന്ത്ര്യാഭിലാഷമല്ലാതെമറെറാന്നുമല്ല.

ഒരു നാടകമെന്ന നിലക്ക ഒട്ടുവളരെ ന്യൂനതകൾ ഇതിൽ കണ്ടെയ്ക്കാം. എന്നാൽ അന്തർജ്ജനങ്ങൾ അന്തർജ്ജനങ്ങൾക്കുവേണ്ടി, ബോധപൂർവ്വം ആദ്യമായി നടത്തിയ കലാപ്രകടനമാണിതു്. ആ സ്ഥിതിക്ക് ഇതിന്റെ കുറവുകൾ ഉലോം ക്ഷന്തവ്യങ്ങളാണ്.

ഞാനിതിനെ സന്തോഷപൂർവ്വം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എം. സി. നമ്പൂതിരിപ്പാട്,
ബി. എസ്സ്. സി.

തൃശ്ശിവപേരൂർ 16. 12. '23.

കഥാപാത്രങ്ങൾ

ദേവകി—ആഡംബരത്തിലും പരിഷ്കാരത്തിലും സുഖജീവിതത്തിലും മതിമറന്നുജീവിക്കുന്ന ഒരു ഹൈസ്കൂൾ വിദ്യാർത്ഥിനി; പക്ഷേ അവൾ ആത്മാർത്ഥതയും ആദർശശുദ്ധിയുമുള്ളവളാണ്.

പാർവ്വതി—സ്വന്തമായി പണിയെടുത്തു സ്വതന്ത്രയായി ജീവിക്കാനും, സമുദായസേവനമനുഷ്ഠിക്കാനും വെമ്പുന്ന മറ്റൊരു ഹൈസ്കൂൾവിദ്യാർത്ഥിനി.

സാവിത്രി—ശുദ്ധാപൂർവ്വം പഠിക്കുന്ന ഒരു മിടുക്കത്തിക്കുട്ടി.

ദേവസേന—അച്ഛനും മുത്തശ്ശിയും മാത്രമുള്ള കുടുംബത്തിൽ അനാഥയായി കഴിഞ്ഞുകൂടുന്നു, പക്ഷേ തന്റേടവും ധീരതയുമുള്ള ഒരു സാധാരണ നമ്പൂതിരി കന്യക.

അമരത്താട്ടമ്മ—ദേവസേനയുടെ മുത്തശ്ശി; പഴമയും വാത്സല്യവും വഴിയുന്ന ഒരു സ്നേഹമൂർത്തി.

ശ്രീദേവി—അമ്പലംതെണ്ടിയായ ഒരു ഭക്തയും, നിഷ്കളങ്കയായ ഒരു നാമംജപക്കമ്പക്കാരിയും.

വക്കീൽ—പരിഷ്കാരത്തിന്റെ സൂട്ടിലുള്ള ഒരു തന്ത്രശാലിയായ പിന്തിരിപ്പൻ.

അപ്ഫൻ—യോഗക്ഷേമപ്രസ്ഥാനത്തെ തുരങ്കംവെക്കാൻനോക്കുന്ന, വൃത്തികെട്ട ഒരു 'പതാക'ക്കാരൻ; പരിഷ്കാരത്തിന്റെപേരിൽ കന്യകമാരെ വിറ്റു കാശടിക്കുന്ന ഒരു സമുദായദ്രോഹി.

ഇതിൽ പാട്ടെടുത്ത അന്തർജ്ജനങ്ങൾ

ദേവകി — തളിയിൽ ഉമാദേവി.

പാർവ്വതി — ഇ. എസ്സ്. സരസ്വതി.

സാവിത്രി — ആലമ്പിള്ളി ഉമ.

അമരത്താട്ട് അമ്മ — പി. എം. ശ്രീദേവി.

അപ്ഫൻ — എം. സാവിത്രി.

വക്കീൽ — പി. പ്രിയദത്ത.

ശ്രീദേവി — വി. എൻ. ദേവസേന.

ദേവസേന — കാവുങ്കര ഭാർഗ്ഗവി.

രംഗം ഒന്ന്

സ്ഥലം: വിദ്യാർത്ഥിനീസദനത്തിലെ ഒരു വായനമുറി.
സമയം: കാലത്ത് എട്ടുമണി.

[പാർവ്വതി വെളുത്ത മുണ്ടും വൃത്തിയുള്ള ബ്ലൗസും ധരിച്ച് കാലത്തെ കാപ്പികഴിഞ്ഞ് പരീക്ഷക്ക് വായിക്കുകയാണ്. നെററിയിൽ ഒരു പൊട്ടുതൊട്ടിട്ടുണ്ട്. ഇടത്തെ കയ്യിന്മേൽ റിസ്റ്റ് വാച്ചു മാത്രമുണ്ട്. ഏതാണ്ടിരുപതു വയസ്സു പ്രായം. ദേവകി കുളി കഴിഞ്ഞു ഈറനോടെ കാപ്പികഴിച്ച് അലങ്കാരങ്ങൾക്കുവേണ്ടി വരുന്നു. പാർവ്വതിയുടെ പ്രായം പതിനെട്ടു വയസ്സ്. കയ്യിൽ കുട്ടിക്കൂറ പൌഡർ, സെൻറ്, ചാന്തുകുപ്പി, ചീപ്പ്, കണ്ണാടി ഇത്രയുമുണ്ട്. നനഞ്ഞ മുണ്ടും ബ്ലൗസും ഇടത്തെ കൈത്തണ്ടമേലുണ്ട്. മേൽ നിറയെ ആഭരണങ്ങൾ. അവൾ പാട്ടുപാടിക്കൊണ്ട് വരുന്നു.]

"ഈമണി മേടയിലെൻ വിപുല-
പ്രേമസാമ്രാജ്യ മടങ്ങുകില്ല;
ഇക്കിളിക്കൂട്ടിലെൻ ഭാവനതൻ
സ്വർഗ്ഗസാമ്രാജ്യമൊതുങ്ങുകില്ല;
നമ്മൾക്കാവിശ്വപ്രകൃതിമാതിൻ
രമ്യവിശാലമാം മാറിടത്തിൽ
ഒന്നിച്ചിരുന്നു കുറച്ചുനേരം
നർമ്മസല്ലാപങ്ങൾ നിർവ്വഹിക്കാം."

[ദേവകി ആഭരണങ്ങളണിയുന്നു. പൌഡറിടുന്നു. പൊട്ടു തൊടുന്നു. സാരി നേരെയാക്കുന്നു. ഇതിന്റെയെല്ലാം ഇടയ്ക്ക് പാടുന്നുമുണ്ട്.]

പാർവ്വതി:—"എങ്കിലും, ദേവകീ, നിങ്ങൾ കാണും
സങ്കല്പലോകമല്ലീയുലകം." (പാടുന്നു)

ദേവകി:— ഓ. മതി മതി, കളിയാക്കീത്. ഈ രണ്ടുവരി എവിടുന്നോ പഠിച്ച് വെച്ചിട്ടുണ്ട്. ഞാനെന്തെങ്കിലും ചെല്ല്യാ അപ്പോ അതങ്ങട് ചെല്ലും. (കണ്ണാടിനോക്കി ഒരു സ്ലൈഡ് തലയിൽ തിരുകുന്നു) ദേഹം മുഴോൻ കാണാക്കോണം ഒരു കണ്ണാടില്ല്യാഞ്ഞിട്ട് എന്ത് വെഷമാന്നോ? സൊന്തായിട്ടൊന്നു വാങ്ങാൻ പൊറപ്പെട്ടപ്പോ വാർഡൻ സമ്മതിച്ചുംല്ല്യ.

പാർവ്വതി:— ചങ്ങാതീണ്ടെങ്കിൽ കണ്ണാടി വേണ്ടാന്ന് കോപ്പ്യെഴ്ത്ത്യേന്നത് മറന്നോ? നമ്മള് ചങ്ങാതിമാരല്ലേ? വാസ്തവം പറ്യാം. (എഴുനേററ്) പാടിപ്പാടി രമണൻ പ്രത്യക്ഷായാത്തന്നെ ഒട്ടും പരിഭ്രമിക്കാൻല്ല്യ.

ദേവകി:— മതി മതി, പരിഹാസം. നല്ല സാരിയുടുക്ക്യാം, തലചീകിവെക്ക്യാം, ആഭരണങ്ങളണിയ്യാം, ഇതൊക്കെല്ല്യാണ്ടെനിക്ക് വയ്യ്യാ. പിന്നെ, രമണൻ വായിക്കുണൂന്നാ. ഒരു രസോല്ല്യാത്ത ക്ലാസ്സ്ബുക്ക്സും ന്യൂസ്പേപ്പേഴ്സും മാത്രേ വായിക്കാവൂച്ചാ നിയ്ക്ക് മടുക്കും, നിശ്ചം.

(കയ്യിൽ നോട്ടുപുസ്തകവും പെൻസിലുമായി സാവിത്രി പ്രവേശിക്കുന്നു. 11 വയസ്സ് പ്രായം. ചൊറുചൊറുക്കുള്ള മുഖഭാവവും സ്വഭാവവും. വേഷം: പാവാടയും ബ്ലൌസും.)

സാവിത്രി:— പാർവ്വതിച്ചേച്ചീ, ഈ കണക്കൊന്നു ശര്യാണോന്ന് നോക്കൂ. വഴീം നോക്കണം, ഉത്തരോം

നോക്കണം—രണ്ടും നോക്കണം. ഈ തരം കണക്ക് പരീക്ഷക്ക് വരുംന്ന് ടീച്ചറ് പറഞ്ഞു. (ദേവകിയോട്) ഉവ്വോ, ല്യോ ദേവകിയേടത്തി?

ദേവകി:— ഉവ്വ്, വ്വ്, പരീക്ഷേ പാസ്സാവേ‌ാന്ന ല്ലേ? കൊറെ എറെണ്ടേ പരീക്ഷാച്ചാ കുട്ട്യോളടെ ഒരു പരിഭ്രമം.

സാവിത്രി:— (ദേവകിയുടെ സാരിയിൽ തിരുപ്പിടിച്ചുകൊണ്ട്) എടത്തിക്ക് പരിഭ്രമല്യാഞ്ഞ്ട്ട്ന്ന്യാ കഴിഞ്ഞ കൊല്ലം തോററത്. രാവിലെ ഒന്നും പടിക്കാണ്ടെ കണ്ണാടിം നോക്കിരുന്നാ ഇക്കൊല്ലോം പാസ്സാവ്ണ്ടാവ്ല്യ. നോക്കു, ദേവകീടത്തി, ഇഞ്ഞത്തെക്കൊല്ലോംകൂടി ഞാൻ തോല്ക്കാണ്ടേം എടത്തി പാസ്സാവാണ്ടേം ഇരുന്നാ നമ്മള് ക്ലാസ്മേററ്സാവും. എന്നാ എന്തൊരു രസാണോ!

ദേവകി:— (സാരി നേരെയാക്കുന്നതിനിടയിൽ) അതേ, തെ, ഞാൻ മൂന്നുകൊല്ലം തോററ്ട്ട് പിന്നേം നാണല്യാണ്ടെ പടിക്കുന്നാനിരിക്കണ്? എനിയ്ക്ക് ല്ലത്ത് പോയാ സുഖായിട്ടിരിയ്ക്ക്യേയ്. എന്നാലും ഞാൻ തോല്ക്കുന്നുണ്ടാവില്യ. ഊം (സാവിത്രി സാരിയിന്മേൽ കൈവെക്കുന്നറിഞ്ഞ്) ഹയ്. അരുത് സാവിത്രി. എന്തിനാ, എൻെറ സാരിതങ്ങനെ ചീത്താക്കണ്? (കൈതട്ടി സാരിനേരെയാക്കുന്നു.)

സാവിത്രി:— ഇപ്പൊ ചീത്ത്ായിട്ടൊന്നുല്യ. ഞാൻ സാരിയുടുക്കാറില്യാച്ചാലും നന്നാക്കാനൊക്കെനിക്കറിയാം. (നേരെയാക്കാൻ ഭാവിക്കുന്നു. ദേവകി ഒഴിഞ്ഞുമാറുന്നു)

ദേവസേനേടത്തി ഞ്ഞി വര്ല്യാത്രേ. ടീച്ച്റാ പറഞ്ഞേ. ദീക്ഷ വീടിയാൽ പ്പിന്നേം പഠിയ്ക്കണത്ത് അപ്ഫന് സമ്മതല്ല്യാത്രേ. ഇങ്ങനേള്ള അപ്ഫന്മാരെ എന്ത് ചെയ്യണംന്നാ ഏടത്തിടെ അഭിപ്രായം?

ദേവകി:— ചെയ്യാൻ പലതുണ്ടാവും. പക്ഷെ, ആരാ ചെയ്യാൻ ന്ള്ളതാ പ്രശ്നം. (കണ്ണാടിയിൽ ശൃംഗാരമഭിനയിയ്ക്കുന്നു.)

സാവിത്രി:— ദേവസേനേടത്ത്യേ സഹായിക്കാൻ നമ്മളൊക്കെ പൊറപ്പെടണം. ഏടത്ത്യതിനൊര്ക്കല്ല്യേ?

ദേവകി:— ഞാനെന്താ ഒരുക്കല്ല്യാണ്ടെ? (ശൃംഗാരമഭിനയിയ്ക്കുന്നു.)

പാർവ്വതി:— ദാ, സാവിത്രി, കണക്ക് ശര്യാണ്. (പുസ്തകോം പെൻസിലും കൊടുക്കുന്നു. സാവിത്രി പോകുന്നു) ദേവസേനേടെ അപ്ഫനെ എന്ത് ചെയ്യണംന്നേ തീർച്ചാക്ക്യേ?

സാവിത്രി:— (പകുതിതിരിഞ്ഞ്) ആ മൂക്കങ്ങ്ട് മുറിയ്ക്കോം ദേവസേനേടത്ത്യേ ഇങ്ങട് കൊണ്ട്വാരേം, രണ്ടും വേണംന്നാ എന്റെ പക്ഷം. (സാവിത്രി ഓടിപ്പോകുന്നു. പാർവ്വതി ആലോചനയിലാണ്ടിരിക്കുന്നു. ദേവകി ശൃംഗാരമഭിനയിയ്ക്കുന്നു.)

പാർവ്വതി:— (ദീർഘശ്വാസം വിട്ട്) ദേവസേനേടെ പടിപ്പ് മൊടങ്ങാണ്ടെ കഴിക്കാൻ ഒരു വഴീണ്ട്. അതിന് ദേവകീന്ന്യാ ശ്രമിയ്ക്കണ്ടത്.

ദേവകി:— ഞാനെന്താ ചെയ്യണ്ടത്?

പാൎവ്വതി:— അത് പറയാം: ദേവകീടെ ഇല്ലത്തെ ആശ്രയിച്ച് കഴ്യേണതാ അമരത്താട്ടപ്ഫൻ നമ്പൂരി. ദേവസേന പഠിച്ചോട്ടെന്ന് ദേവകീടെ അച്ഛൻ ഒരു വാക്ക് പറഞ്ഞാമതി. അപ്ഫൻ നമ്പൂരി അത് തെററി നടക്കേണ്ടാവില്ല്യ.

ദേവകി:— അത് ശര്യാ. പക്ഷെ, ഓച്ഛനെന്താ ഒന്നും പറയാണ്ടിരിയ്ക്കണത്ന്നാ? തെരണ്ടിരിയ്ക്കണ പെങ്കിടാങ്ങള് സ്കൂളിപ്പടിക്കണത് അച്ഛന് സമ്മതാന്ന് തീച്ചാ. ഞാൻ തെരണ്ടപ്പൊ ഒരു സംശാം ണ്ടായിട്ടില്ല്യ.

പാൎവ്വതി:— അതോണ്ടായില്ല്യ. പരിഷ്ക്കാരള്ളോരിൽത്തന്നെ പല തരക്കാരുണ്ട്. ചെലര്ണ്ട്, ഓപരധികോം പണക്കാരാണ്; അവരൊക്കാവശ്യള്ള ഏത് പരിഷ്ക്കാരോം സ്വീകരിക്കും. പഴമക്കാരൊക്കെ അവരടെ നേരെ കണ്ണീമ്പേള്ളേന്നീം.

ദേവകി:— അത് വാസ്തവാ. പരിവേദനം കഴിച്ചേന് ഇശ്ശ്യാള്ളേള് പ്രാശ്ചിത്തക്കാരാക്കീട്ട്ള്ള കല്പിങ്ങ്ടാന്ന്യല്ലേ ദേശാങ്ങലത്ത് പരിവേദനം കഴിപ്പിച്ചത്?

പാൎവ്വതി:— എന്നാ അതേ പരിഷ്ക്കാരങ്ങള് സാധാരണക്കാര് ചെയ്താ പഴമക്കാരവരെ കണ്ടമാനം കഷ്ടപ്പെട്ത്താൻ നോക്കും. അപ്പൊ പഴമക്കാരെക്കതിരായി പരിഷ്ക്കാരികളെ സഹായിക്കാൻ ആ പ്രമാണികളൊരുക്കോല്ല്യ. എന്നല്ല, ക്രിയാദികൾക്കൊക്കെ ആ പഴമക്കാരെത്തന്നെ ക്ഷണിച്ച് സൽക്കരിക്കേം ചെയ്യും.

ദേവകി:— ശര്യാത്. പാർവ്വതി തെരണ്ടട്ട് പിന്നേം പഠിപ്പിച്ചതോണ്ടാണലോ പാർവ്വതിടെ അച്ഛൻ ശാന്തി പോയത്!

പാർവ്വതി:— അന്ന് ശാന്ത്യൊഴിപ്പിച്ച പാലപ്രത്ത മൂസ്സമ്പൂര്യാന്ന്യാ മഹൻ വക്കീലിന്റെ വേളിക്ക് ദേവകീടെ ജാതകോം വാങ്ങി ശ്രമിക്കണെ്.

ദേവകി:— (സലജ്ജം) പാർവ്വതി അതറിഞ്ഞു, ല്ല്യേ? ഞാൻ പറേണന്ന് നിരീശ്ശ്യാന്ന്. അങ്ങനായാ തർക്കട്ട്ണ്ടോ? എന്താ, പാറതിടഭിപ്രായം?

പാർവ്വതി:— തരക്കേടൊന്നുല്യാ. സ്വത്ത് ധാരാളണ്ട്. വക്കീലായപ്പിന്നെ പഠിപ്പിന്റെ കഥൊന്നും പറ്റാൻല്യേലോ. കാഴ്ചേൽ സുഭഗനും പരിഷ്ക്കാരീം ആണ്. അങ്ങനെ നോക്കുമ്പോ തരക്കേടൊന്നൂല്യ. പക്ഷെ, വക്കീൽ ടി. ബി. നമ്പൂരിപ്പാടിനും ഈ യോഗ്യതകളൊക്കേണ്ട്: എന്നാ സ്വന്തം ഭാര്യ തൊണേം പൊതപ്പും കൊടേം കൂടാണ്ടെ പൊറത്തെറങ്ങണത് അദ്ദേഹത്തിന് സമ്മതല്ല്യ. ആത്തേമ്മാരെങ്ങ്ടെങ്കിലും പൂവ്വാച്ചാ ഒപ്പം അദ്ദേഹണ്ടാവൂല്യ. വല്ല കുട്ടിപ്പട്ടരെയോ പാര്യേക്കാരനെയോ ഭാരേല്പിക്കാത്രേ പതിവ്.

ദേവകി:— ഒപ്പം പോയ്യാന്താ അദ്ദേഹത്തിന്?

പാർവ്വതി:— ഭാര്യ പൊതപ്പും കൊടേം കെ ആയിട്ട് ഒപ്പം നടക്കണത് വല്ലോരും കണ്ടാ പോരായാച്ചിട്ടാത്രെ!

ദേവകി:— ങ്ഹാാാ. ആ ഭട്ടൻ പറ്റ്യ ബ്ളീച്ച് ഈ വഹക്കാർക്കൊക്കെ പറ്റണം. എന്നാലേ പടിയൂ.

കേരള സാഹിത്യ അക്കാദമി

പാർവ്വതി:— എന്തേ ഭട്ടനു് പറേറ്റ്യ? ഞാനറിഞ്ഞോയില്ല്യ. രണ്ടാഴ്ച്ചായിട്ടു് ഞാങ്ങടാന്നില്ല്യലോ ബ്ടെ.

ദേവകി:— എന്നാ കേക്കണ്ടതാണേയ്; ബഹുരസണ്ടു്. ഭട്ടന്റെ അന്തേമ്മാരതിന്റെ ഇല്ല്യത്തോന്ന്. കൂട്ടിക്കൊണ്ടോരാൻ തനിക്കു് കഴില്ല്യാന്നുച്ച് കാര്യസ്ഥനേം പെണ്ണിനേംകൂടി അങ്ങട്ടയച്ചു. കൊറച്ചു് കഴിഞ്ഞപ്പ്ള്യേ, പെണ്ണും കുട്ടീം കൂടീംണ്ടു് ഇല്ല്യത്തെത്ത്യേടക്ക്ണം. കാര്യസ്ഥനൂല്ല്യ, അന്തേമ്മാരുല്ല്യ. പരിഭ്രമായി ഭട്ടനു്. ചാടിപ്പൊറപ്പെട്ടു. തെരഞ്ഞു് തെരഞ്ഞു് ഒരു കണക്കിനു് കണ്ടെത്തി. എന്ന്ട്ടു് ഒടുക്കം അന്തേമ്മാരെ ഒപ്പം ഇങ്ങോട്ടു് കൂട്ടിക്കൊണ്ടോരേണ്ടിവന്നു.

കേരള സാഹിത്യ അക്കാദമി

പാർവ്വതി:— ഇത്ര ഒക്കെ പറഞ്ഞീട്ടും അയാളുടെ മനസ്ഥിതിക്കൊരു ഭേദോല്ല്യലോ.

ദേവകി:— അങ്ങനത്തെ പെരുമാറ്റൊന്നും എന്നോട് പറഞ്ഞില്ല്യാ. എത്ര കേമനായാലും എന്റെ ഇഷ്ടോം സ്വാതന്ത്ര്യോം തടയാൻ വന്നാ ഞാൻ സമ്മതിക്കില്ല്യ.

പാർവ്വതി:— അങ്ങനെ ചെല ഒറപ്പൊക്കേണ്ടാവണതു് എതായാലും നന്നു്. പറഞ്ഞു് പറഞ്ഞു് പ്രകൃതം വിട്ടാ പറഞ്ഞില്ല്യലോ. ദേവസേനേടെ കാര്യല്ലേ പറഞ്ഞേന്നു്?

ദേവകി:— അതിനെപ്പറ്റി അച്ഛനോട്ടു് ഞാൻക്ഷെ പറയാം. അച്ഛൻ വേണ്ടതു് ചെയ്യും ന്നാ എന്റെ വിശ്വാസം.

പാർവ്വതി:— ചെസ്റ്റാ നന്നായി.

(അണിയറയിൽ മണിയടിക്കുന്ന ശബ്ദം)

ദേവകി:— ഈശ്വര ഈശ്വരാ. മിസ്സിന്റെ ബെല്ലല്ലേ? മൂർച്ചാ പാറതി. എൻ്റിറെ തോരേടേം കൂടി കഴിഞ്ഞിട്ടില്ല.

പാർവ്വതി:— എന്റെ ബുക്ക്സ്ടകളിവെക്കേം കൂടി കഴിഞ്ഞു.

ദേവകി:— പാർവ്വതി മിടുക്കത്തിയല്ലേ?

(രണ്ടുപേരും പോകുന്നു.)

കർട്ടൻ.

രംഗം: രണ്ട്.

സ്ഥലം: അമരത്താട്ടെ കിഴക്കെ പൂമുഖം. സമയം പകൽ മൂന്നുമണി.

[ദേവസേന, പാർവ്വതി, സാവിത്രി ഇവർ ഇരുന്നു സംസാരിക്കുന്നു. ദേവസേന ഋതുമതിയാണു്. 14 വയസ്സു് പ്രായം. പുതിയ വേഷം, ശാന്തമായ മുഖഭാവം. സാവിത്രി പുസ്തകം വായിക്കുന്നു.]

"സ്വജാതിയിൽത്താനവിവാഹിതകൾ നിരവധിയുള്ളപ്പോൾ
വിജാതിയിങ്കലിരിപ്പിനു പോകുവതെന്തിനു നമ്പൂരി?
ഇനിയും എന്തിനു നമ്പൂരി?
മുറുക്കിച്ചെല്ലവുമായിക്കഴിയും നമ്പൂതിരിയോടൊ-
ത്തൊരുക്കമില്ലിനി ഞങ്ങൾ നയിക്കാൻ നാരകദാമ്പത്യം
ഭീകരനാരകദാമ്പത്യം"

["നാരായണ നാരായണ! നങ്ങേമേ ആ കറുകേം പൂക്കളും ഇങ്ങട്ട് എടുത്തുകൊണ്ടാ" എന്നു പറഞ്ഞു് ഒരു കയ്യിൽ മാലയും മറേറക്കയ്യിൽ ആവണപ്പലകയുമായി അമരത്താട്ടമ്മ പ്രവേശിക്കുന്നു. 72 വയസ്സു പ്രായം.]

ദേവസേന:— കറുകേം പൂക്കളും ഞാൻ നേരെയാക്കി വെച്ചോളാം.

സാവിത്രി:- ആലസ്യത്തിനു മുമ്പിൽ ജീവിതമടിയറവെച്ചിടാ-
നാവില്ലിനിയും വനിതകളേപ്പോൽ ജീവിക്കേണ്ടെന്നോ?
ഞങ്ങൾ ജീവിക്കേണ്ടെന്നോ?

ദേവസേന:— ഇപ്പൊ വായിച്ചത് മതി, സാവിത്രി. എനിക്ക് നിങ്ങളോട് ഇശ്ശി വർത്താനം ചോദിയ്ക്കാനും പറായാനുണ്ട്.

പാർവ്വതി:— ദേവസേനയായിട്ട് വർത്താനം പറയാനാ ഞങ്ങള് വന്നിട്ടുള്ളത്. പിന്നെ വായിക്കാലോ സാവിത്രി.

(സാവിത്രി വായന നിർത്തുന്നു. അമ്മ തിരി തെരക്കുന്നു.)

ദേവസേന:— ദേവകി ക്രിയേടെ സമേത്ത് മൂടീട്ടാവും വരാന്ന് ഞാൻ നിരീയ്ക്കേണ്ടായില്ല്യ.

പാർവ്വതി:— ദേവകിക്ക് നന്ന മടിണ്ടാന്നു. വാലപ്രത്തച്ഛൻനമ്പൂരിടേം ഓടിക്കൻേറ നിർബ്ബന്ധോം വക്കീലിൻേറ ഭീഷത്തോം ഒക്കെക്കൂടിട്ടാ ഇങ്ങനെ വേണ്ടിവന്നത്.

അമ: അമ്മ:—എനിയ്ക്ക് മനസ്സിലാവ്ണില്ല്യേ—ക്രിയക്ക് മൂടാണ്ടെ വൈയ്യേ്യാ? തിയ്യിൻേറ മുമ്പിലിരിക്കണാളെ നോക്കാ. ഉപ്പൊളമ്പണന്ത്യേ കയ്യ് പൊറത്തക്ക് കാട്ടാ, കുടിയെ പിടിയ്ക്കാ—ഇതൊക്കെ മൂടാണ്ട്യായാ നേര്യാവോ?

സാവിത്രി:—മൂടിക്കെട്ടി കണ്ണ് കാണാണ്ടെ തട്ടിത്തടഞ്ഞ് വീണേങ്കിലോച്ചിട്ടല്ലേ കുടിയെ പിടിക്കണ്? മൂടാണ്ട്യാച്ചാ പിന്നെന്തിനാ പിടിക്കണ്?

അമ: അമ്മ—അമ്മാമൻ കുടിയെ പിടിക്കാ ക്രിയേടെ ഒരെണ്ണായിട്ടാ പറയാറ്.

പാൎവ്വതി:— അനുമോദനയോഗത്തിൽ വരാൻ തന്നെ ദേവകി ഇച്ഛി മടിച്ചു.

ദേവസേന:— ഇല്ല്യാണ്ടിരിയ്ക്കോ? ദേവകിക്ക് മുമ്പൊരിക്കലും ഈവക പഴമത്തങ്ങളൊന്നും കാട്ടേണ്ടിവന്നിട്ടില്ല്യ. ഇനി പാലപ്രത്തെന്തൊക്ക്യാ വേണ്ട്യേര്ാവോ? ദേവകിക്കൊക്കെ തന്റെ ഇഷ്ടംപോലെ വൈയ്ക്കു; ഇതുവരെ അങ്ങനേണ്ടായിട്ടുള്ളൂ.

അമ: അമ്മ:— ആത്തേമ്മാരാളായ്യാ നമ്പൂരാരടെ ഇഷ്ടംതന്ന്യാണേ നോക്കണ്ടത്. അല്ലാച്ചാ ശ്ശ്യേറെ ദുഃഖകടാവും. കേട്ടില്ല്യേ, ആ കോതർച്ചി പട്ടേരീടെ ആത്തേമ്മാര് ഏതോ ഒരുത്തന്റെ ഒന്നിച്ച് മദ്രാശിക്കോറെ കടന്നുപോയിത്രേ; അത്ര വയ്യേ തോന്ന്യാസം.

പാൎവ്വതി:— ആ പട്ടേരിക്ക് പെണ്ണിനെ കൊടുത്തതല്ല്യേ, അമരത്താട്ടമ്മേ, തോന്ന്യാസം? വയസ്സ് കാലത്ത് വയ്യാത്തേടത്ത് അട്ക്കളപ്പണിക്കായിട്ട് വേക്ക്ണം. ഇത്രയല്ല്യാ, ഇതിലധികം പററണം, ഈ വഹക്കാക്ക്. ഇപ്പളത്തെ കാലത്ത് പെങ്കിടാങ്ങളെ അവരടെ സമ്മതം നോക്കാണ്ടെ യൊന്നും കൊടക്കവയ്യ. അങ്ങനെ കൊടുത്താ ഇങ്ങനെ ഒക്കെ പറേറ്ം ചെയ്യും. പശുക്കളെപ്പോലേം പാത്രങ്ങളെപ്പോലേം പെങ്കിടാങ്ങളെ കരുതിയാലോ?

ദേവസേന:— ഞാൻ പോയി കാപ്പീണ്ടാക്കട്ടെ. മണി മൂന്നായിട്ട്ണ്ടാവും.

പാൎവ്വതി:— ഞാനും വരാം, സഹായത്തിന്.

(രണ്ടുപേരും പോകുന്നു. സാവിത്രി വീണ്ടും വായിക്കുന്നു.)

"നടക്കുകില്ലിനി ഞങ്ങൾക്കറിയാം ചെയ്യേണ്ടവയെല്ലാം
പിടിച്ചുകൊണ്ടുവരട്ടെ വിപ്രരെയേജണ്ടന്മാർ പോയ്
വിപ്രരെയേജണ്ടന്മാർ പോയ്".
മുറക്കു ഞങ്ങടെ ജീവിതവേദി മലിമസമാക്കാനായ്"

അമ: അമ്മ:— ഇതൊക്ക്യാണോ സ്കോളിപ്പടിക്കണ്?

സാവിത്രി:— ഇത് പഠിക്കണതൊന്നല്ല്യ. ഒര് രസത്തിന് വായ്ക്ക്വാ.

അമ: അമ്മ:—എനിയ്ക്കൊര് രസോം തോന്ന്ണില്ല്യ. (തുണക്കാരിയെ മുറ്റത്ത് നിറുത്തി ചേലപ്പുതപ്പും മറക്കുടയുമായി ശ്രീദേവി അന്തർജ്ജനം പ്രവേശിക്കുന്നു. 45 വയസ്സ് പ്രായം.)

അമ: അമ്മ:— (സൂക്ഷിച്ച് നോക്കി) ആരാത്? ഇട്ടിച്ചിര്യല്ലേ? ഇങ്ങട് കേറിരിക്കാം. ഇപ്പെവിട്ന്നാ?

ശ്രീദേവി:—ഇപ്പോ പാലപ്രത്ത്ന്നാ. നേര്ത്തേ ഊണ് കഴിച്ച് പോന്നു. തൃക്കക്കോവില് തിങ്ങൾത്തൊഴ്വാ കഴിഞ്ഞിട്ടില്ല്യ. സന്ധ്യേടെ മുമ്പെ അവടെത്തണം. സങ്ക്രമത്തിന് മുമ്പ് വേണലോ തൊഴ്വാ. പടിയ്ക്കലൂടി പോമ്പോ ഇവടെ കേറാണ്ടെ വയ്യാച്ചിട്ട് കേറ്യേ. ഇശ്ശി ഇരിയ്ക്കാനൊന്നും എടേല്ല്യ. (പടിയിന്മേൽ ഇരിയ്ക്കുന്നു) ആ്, താത്രി എപ്പേ വന്ന്?

സാവിത്രി:— ഞാൻ വന്നിട്ട് ഒന്നു രണ്ടു മണിക്കൂറായി.

ശ്രീദേവി:— ഇന്ന് സ്കോളൊന്നൂല്ല്യേ?

സാവിത്രി:— ഇല്ല്യ. ഇന്നും നാളേം മറ്റന്നാളും ഇല്ല്യ. മഹാത്മാഗാന്ധി മരിച്ചേന്റെ മൊടക്കാ.

അമ: അമ്മ:— ഇട്ടിച്ചിരിപ്പൊ പാലപ്രത്ത്ന്നാണേ പറഞ്ഞ്? ഓ, ഉള്ളതന്നെ. പാലപ്രത്ത് കുടിവെപ്പാർന്നൂലോ മിന്ന്യാന്ന്. പാഠേങ്കളീം സത്രോക്കെ കേമായില്ല്യേ!

ശ്രീദേവി:— അതൊന്നുണ്ടായില്ല്യ. നന്ന ചുരുക്കത്ത്ലേണ്ടായുള്ളൂ.

അമ: അമ്മ:— ഓണപ്പൊട മുറ്റ്യന്ന്യല്ലേ?

ശ്രീദേവി:— അല്ല്യ. പക്ഷെ, പരക്കേണ്ടായതുല്ല്യ.

അമ: അമ്മ:— മഫനമ്പൂരിടെ ആദ്യത്തെ വേള്യാ. സാമാന്യംപോലെന്ന്യേ വേണ്ട്യേന്ന്. അച്ഛനമ്പൂരീടെ വേളി കഴിഞ്ഞ് കുടിവെപ്പ് എനിക്കിപ്പം തോന്ന്ണ്ണ്ട്. എത്ര കേമായിന്നോ! വിലാച്ചീരീടെ വെളിച്ചപ്പാട്, ഇട്ടീര്യപ്പന്റെ ഇട്ടിക്കണ്ടപ്പൻ, മാധവശ്ശീരീടെ മുത്തശ്ശി— ഇദൊക്കെ എത്ര കേമായീന്നോ!

ശ്രീദേവി:— ആദ്യം കേക്കേണ്ടായി നമ്പൂരാരടെ നാടകംണ്ടേന്ന്. പിന്നതങ്ങട്ണ്ടായില്ല്യ. അച്ഛനമ്പൂരിക്ക് സമ്മതല്ല്യാഞ്ഞിട്ടാത്രേ.

അമ: അമ്മ:— ചോയ്ക്ക്ാന്നേള്ളൂ: അമ്പലങ്ങളില് ഐത്തക്കാര് കടന്നൊടങ്ങീട്ടും ഇട്ടിച്ചിരി തിങ്ങൾത്തൊഴാ വേണ്ടാച്ചില്ല്യാ, വ്വോ? ഇശ്ശ്ര്യാളോള് മത്ര്യാക്കീന്ന് കേട്ടു.

ശ്രീദേവി:— വേണ്ടാച്ചില്ല്യാന്നന്നേള്ളൂ. സുഖല്ല്യായ നന്നേണ്ട്. അമ്പലക്കൊളത്തില് കുളിച്ചു തൊഴും; എന്നിട്ട് വേറെ എവടേങ്കിലും പോയി പിന്നേം കുളിക്കും.

അങ്ങനെയാ പതിവ്. തൊഴുത ശുദ്ധായിട്ട് ഒന്നും കഴിക്കാറുല്യ.

സാവിത്രി:— ദേ, ഈശ്ശ്വരന്മാരക്ക് അയിത്തല്യാച്ചാ നോക്കെന്തിനാ അയിത്തം? നമ്മള് ഇശ്ശ്വരന്മാരേക്കാ മേലെയാ?

അമ: അമ്മ:— ഇങ്ങന്യൊക്കെ ചോയ്ചാ എന്താ പറ്റാ? ഏത്താണ്ട്യോന്ന് സംശായാ കുളിയ്ക്കാണ്ടെ വല്ലതും കഴിയ്ക്ക്യ, വയ്ക്കോ്ാ നോക്കൊക്കെ? എനിക്ക് വയ്യാ നിശ്ചം.

ശ്രീദേവി:— ശുദ്ധാശുദ്ധത്തിൻെറ കാര്യൊക്കെ നന്നാ പര്ഞ്ഞേലാ: പാലക്കാട്ട് ഒളപ്പ്വോണ്ണനമ്പൂരീടേം ചെറുണ്ണൂര് പൊറേന്തൂരമ്പൂരീടേം സ്ഥലത്ത് വാല്യക്കാരാത്രേ വെയ്ക്കാൻ.

അമ: അമ്മ:— വാല്യേക്കാര് വെച്ചത് നമ്പൂരാരും ആത്തേമ്മാരേ്ാളും ഉണ്ണേ്? നാരായണ, നാരായണ! ഇതൊക്കെ കേക്കണ്ടിവരണെതന്നെ മഹാപാപാ... കൂട്ടത്തിച്ചോയ്ക്ക്്ാന്നോള്ളു: ഇട്ടിച്ചിരിടെ മഹൻെറ ആത്തേമ്മാക്ക് പയ്ക്കാരോക്കേല്യേ?

ശ്രീദേവി:— ഉവ്വ്, വ്വ്. ആപ്രം കാത് മുറിക്കേ്ണ്ടായി. ഇപ്പൊ കുപ്പായടേ്ണ്ട്. രാവിലെ കുളികഴിഞ്ഞ് നേദിക്ക കഴ്യോളോം, നമ്പൂരാരക്ക് വെളമ്പുമ്പളും മാത്രേ കുപ്പായിടാണ്ടേള്ളു.

അമ: അമ്മ:—അങ്ങന്യാച്ചാ ഇശ്ശി ഭേദണ്ടേ! ഇവ്ടത്തെ നങ്ങതോട് എത്ര പറഞ്ഞൂന്നോ ഞാൻ, നമ്പ്രാരടെ അടുത്ത് ചെല്ലുമ്പോ കുപ്പായടരുത്ന്ന്. ഒരു കൂട്ടം വേണ്ടേ?

ശ്രീദേവി:— നേരം ഇങ്ങനെ വയ്ക്ക്ാ. എന്നാ ഞാൻ ഇപ്പോന്നും പറയല്ല.

അമ: അമ്മ:— നാളെ രാവിലെ തൊഴുത് ഇദെന്നെ വരു. ഒരൂസം പാൎത്തു പോവാം.

ശ്രീദേവി:— മടക്കം ബസ്സിനാക്കണന്നാ മോഹം. മററന്നാ കുംഭത്ത് നാമജപത്തിനെത്തണം.

അമ: അമ്മ:— ഇട്ടിച്ചിരിക്ക് ഇതിനൊക്കെ സാധിക്ക്ണ്ണ്ടല്ലോ. ഭാഗ്യണ്ടേ! ഞാൻ ഇശ്ശി മോഹിക്ക്ണ്ടായി, ഒരു നാമജപത്തിന് പോണംന്ന്. തരാവ്ണ്ടായില്ല്യ. ഇഞ്ഞി എങ്ങടും പുവാനും വയ്യാണ്ടായി.

ശ്രീദേവി:— ഇവടെത്തന്നെ നടത്താലോ.! ആ ആഞ്ഞത്തിനെക്കൊണ്ട് കഴിപ്പിക്കാം; മേക്കാടിൻെറ ശിഷ്യനാണല്ലോ.

അമ: അമ്മ:— കുട്ടനോടൊന്ന് പറേണംന്ന് നിരീക്ക്ണ്ണ്ട്.

(അണിയറയിൽ: 'സാവിത്രീ കാപ്പികുടിക്കാൻ വരു' എന്നു കേൾക്കുന്നു. സാവിത്രി പോകുന്നു)

ശ്രീദേവി:— കൊട്ടക്കേടെ ഒന്നുമായില്ല്യാ, വ്വോ?

അമ: അമ്മ:— ഇന്നാള് വടക്കരാരോ വന്നേനു. തീച്ചാക്കേ്ണ്ടായില്ല്യ. ഇഞ്ഞത്തെ മാസത്തിൽ വരും ത്രേ.

ശ്രീദേവി:— വടക്കോട്ടാച്ചാ പണത്തിന് ലാഭണ്ടാവും. ഒന്നു കൂടാൻെറ കഴിഞ്ഞാ മതി: നമ്പൂര്യാച്ച് കൊടക്ക്ാ; ഒട്ടക്കം വല്ല എമ്പ്രാനോ നമ്പ്യാരോറ്റ്യാന്ന് വര്ാ. എന്നാ കഷ്ടാവേ്!

അമ: അമ്മ:— ഇവടെ വന്നേന്നത് നമ്പൂര്യന്ന്യാ. രണ്ടാം വേള്യാത്രേ. രണ്ടാം വേളി നമ്പൂരാരടെ എടേലല്ലേള്ളൂ?

ശ്രീദേവി:— പറഞ്ഞത് പറഞ്ഞത് നേരം ഇല്ല്യായി. ഞാൻ പോട്ടെ.

അമ: അമ്മ:— എന്നാ അങ്ങനെ.

(കർട്ടൻ)

കേരളസാഹിത്യ അക്കാദമി

രംഗം: മൂന്ന്.

സ്ഥലം:— വക്കീലിന്റെ ഇരിപ്പുമുറി. സമയം:—രാവിലെ എട്ടുമണി.

[പാലപ്രത്ത് മഹൻ വക്കീൽ പൈജാമയും ബനിയനുമിട്ട് ആർ. എസ്. എസ്സിന്റെ വളണ്ടിയർപരിശീലനം നടത്തുന്നു. 30 വയസ്സ് പ്രായം. കയ്യിൽ വാളും പരിചയുമുണ്ട്. പയററു പഠിക്കുന്നു. നവോഢയായ ദേവകി അകത്തുനിന്ന് പ്രേമഗാനം പാടുന്നു. വക്കീൽ കേൾക്കുന്നു. ദേവകി പ്രവേശിക്കുന്നു]

വക്കീൽ:— എപ്പഴും ഇങ്ങനെ പാട്ടുപാടിയാൽ നന്നോ? കാലത്ത് കാപ്പി കഴിഞ്ഞാ വല്ല പത്ര്വോ മാസികയോ വായിക്കരുതേ?

ദേവകി:— ദേയ്, ഇതെന്താത്? ഈ വാളും പരിചേം ഒക്ക്യായിട്ട്?

വക്കീൽ:— ഇതാണ് ആർ. എസ്. എസ്! അതിന്റെ വളണ്ടിയർപരിശീലനാ. കേട്ടിട്ടില്ല്യേ, രാഷ്ട്രീയസ്വയംസേവക്സംഘംന്ന്?

ദേവകി:— കേട്ട്ട്ട്ണ്ട്, കേട്ട്ട്ട്ണ്ട്. എ: എയ്. അതിങ്ങന്യാ? ഞാനറ്യേണ്ടായില്ല്യ. ആട്ടേ, ഞാനൊന്നു പറേട്ടേ: അത് കേക്ക്വോ?

വക്കീൽ:— എന്താത്ര സംശം, കേക്ക്വോന്ന്? (വാളും പരിചയും താഴെ വെച്ച്, ഒരു കാൽ മേശപ്പുറത്തായി

ഇരുന്ന്) എന്ത് പറഞ്ഞാലും കേൾക്കാം. ഉം, എന്താ
പ്പോ വേണ്ട്?

ദേവകി:— അതോ, അത് ഞാൻ പറയാം: കുംഭം 2-ാംന്തു- വെള്ളിനേഴി ഉപസഭേടെ വാഷികയോഗാന്ന് പേപ്പറിലുണ്ട്. നോക്ക് അതിന് പോണ്ടേ?

വക്കീൽ:— വെള്ളിനേഴിക്ക് പൃവ്വേ്? എന്താള്ളത് അവടെ? ഈ കമ്മ്യൂണിസ്റ്റ്കളുടെ കൊറെ തെറികളല്ലാണ്ടെ? ഞാൻ പറേമ്പോ, ആ സമേത്ത് വല്ല വാഴക്കുഴി കുത്തോപ്പാററ്ാ നല്ലത്.

ദേവകി:— കഷ്ടംണ്ട്, ട്ടോ. എന്താ, എന്നും ഇങ്ങനെ പറേണ്? എനിക്ക് പോണം. മഹാസഭക്ക് കളിച്ച നാടകണ്ടത്രേ അന്ന്. എനിക്കതൊന്ന് കാണണം.

വക്കീൽ:— ആട്ടെ, ഇപ്പൊ എന്താ വേണ്ട്? സഭക്ക് പോണം, നാടകം കാണണം — ഇതൊക്ക്ല്ലേ വേണ്ടത്? ഞാൻ പറേമ്പോ, കുംഭമാസത്ത്ല് ഹൈന്ദവമഹാസമ്മേളനണ്ട്, തൃശ്ശൂര് വെച്ച്; അതിനാങ്ങട് പോവാം. മററന്നാള് വെക്കംവാസേ്വൻനായര്ടെ സ്ത്രീധമ്മം ന്നുള്ള നാടകോണ്ട് അവടെ. അതിനും പോവാം. എന്നാപ്പോരെ? കാറിപ്പൊത്തന്നെ ഏല്പിച്ചുളയാം.

ദേവകി:— (പരിഭവസ്വരത്തിൽ) എനിയ്ക്കതൊന്നും പോരാ, എനിയ്ക്ക് വെള്ളിനേഴിയ്ക്ക്ന്നെ പോണം. എന്താ, പറയ്യന്ന്.

വക്കീൽ:— ഞാൻ മറെറാന്നോണ്ടല്ലാ പറേണത്: അന്തസ്സും തറവാടിത്തോല്യാത്ത ഈ വഹക്കാരടെ ടേലക്ക് പോയ്ാ നമ്മളെ വെറുതേട്ട് കലശല് കൂട്ടേണ്ടാവുള്ളു.

ദേവകി:—കലശല് കൂട്ടൃാനുണ്ടാവില്യ. നമ്മളെപ്പോലെല്ലാള്കളുന്ന്യല്ലേ അവരും? എന്താത്ര കലശല് കൂട്ടാൻള്ളത്?

വക്കീൽ:—അല്ലലോ, നമ്മളെപ്പോലെ ഒന്നാല്ലലോ. അതല്ലേ ഞരുക്കം. (ആലോചിച്ച്) ഓ-ഫോ-രണ്ടാന്ത്യോ (ഡെയറിനോക്കി) രണ്ടാന്തി പോവാൻ പററില്യലോ—ഏന്നാ ആ എടത്രക്കാരടെ കേസ്സ് വിചാരണയ്ക്ക് വെച്ചട്ട്ള്ള ദിവസം. എനിക്ക് നന്നെ നേത്തേ കോടതിക്ക് പോണം.

ദേവകി:— അയ്യയ്യാ. ഞായറാഴ്ചേം പോണോ കോടതിക്ക്? ഞായറാഴ്ചവക്കീല്ന്ന് കേട്ടട്ടേള്ളു.

വക്കീൽ:— എയ്-ഇ:-അന്നാ ഞായറാഴ്ച. ഡെയറി ഒക്കെ പെഴവാന്ന്ണ്ടോ? (ആലോചിച്ച്) ഓ, ശരി, രണ്ടാന്തി കോഴിശ്ശേര്യമ്പൂരീടെ ഇല്ലത്ത് വെച്ച് ഒരു യോഗണ്ട്. അത്ന്ന് ചെല്ലണംന്ന് അദ്ദേഹം പ്രത്യേകം പറഞ്ഞയച്ച്ട്ട്ണ്ട്. ഫണ്ടിനെപ്പററിള്ളതാവേ്ാണ്ട് എങ്ങന്ായാലും പോവ്വാണ്ടെ വയ്യ എനിക്ക്.

ദേവകി:— എന്നാ പോരണന്നില്യ; ഞാൻ പാപ്പതിടെക്കൂടെ പൊക്കോളാം.

വക്കീൽ:— എയ്, ഒന്നും വേണ്ട. വേണ്ട. വേണ്ട. അവര്ടെ കൂടെ ഒന്നും പോണ്ട. (ആരോ പടികടന്ന് വരണത് കണ്ട്) ആരോ വര്ണ്ണ്ടലോ. ഇപ്പൊ അകത്തേക്ക് പൊക്കോളു.

ദേവകി:— ആരെങ്കിലും വരട്ടെ. ഇട് പറയൂ. ഞാൻ വെള്ളിനേഴിക്ക് പോട്ടെ?

വക്കീൽ:— അതൊക്കെ പിന്നെപ്പറ്യാം. വേഗാട്ടെ, അകത്തേക്ക പൊക്കോളൂ.

ദേവകി:— ഇട് പറയൂന്ന്; ഞാൻ പോട്ടെ?

വക്കീൽ:— ഹേയ്. പറയാംന്ന് പറഞ്ഞില്ല്യേ? (എഴുനേററ് പതുക്കെ ദേവകിയുടെ ചുമലിൽ പിടിച്ച് നീക്കിക്കൊണ്ട്) ഇപ്പൊ അകത്തേക്ക് പൊക്കോളൂ. ഉം. പോവ്വുന്ന്. ഊം. ഊം. പൊറമെ ആള് വരണത് കണ്ടില്ല്യേ?

ദേവകി:— ആയ്ക്കോട്ടെ. എന്നാന്താ. ഞാൻ ഇവടെ നിന്നാ അയാൾക്കെന്താ?

വക്കീൽ:— എന്താന്ന് ചോദിച്ചാലോ? ഇപ്പൊ അകത്തേക്ക് പോവ്വൂ.

ദേവകി:— ഞാൻ വെള്ളിനേഴിക്ക് പോട്ടെ? ഇട് പറഞ്ഞാൽ ഞാൻ പോവാം.

വക്കീൽ:— എന്തെങ്കിലും ചെയ്യൂ. ഇപ്പൊ അകത്തേക്ക പോവ്വൂ. അതാകഴ്യേട്ടെ. മറെറാക്കെ പിന്നെ അറിവാം.

ദേവകി:— ഞാൻ പോവും, ട്ടേപാ. (പോകുന്നു)

(അമരത്താട്ടപ്ഫൻ നമ്പൂരി പ്രവേശിക്കുന്നു. 52 വയസ്സ് പ്രായം. കള്ളത്തം തികഞ്ഞ പരിഷ്ക്കാരി)

വക്കീൽ:— ഇരിക്ക്ാ. ഇരിക്ക്ാ. കാപ്പിത്തിരി വേഗങ്ങട്ണ്ടാക്കണോ.

അഫ്ഫൻ: കാപ്പി സ്റ്റേഷനിന്ന് കഴിഞ്ഞതടക്കണം. എന്നാലും കട്ടം അലോഗ്യാവ്ല്യ, കൊറച്ച്ണ്ടാക്ക്യാ.

വക്കീൽ:— ആവാം. ആവാം. മാണി–മാണീ–വേഗം ഇത്തിരി കാപ്പീണ്ടാക്കിക്കൊണ്ടര്വ.

ദേവകി:— (അകത്തുനിന്ന്) കാപ്പീണ്ടാക്കീതിരിക്ക്ണ്ണ്ട്. മാണി എങ്ങ്ട്ടോ പോയടക്ക്ണ. ഞാനങ്ങ്ട് കൊണ്ടരാം

വക്കീൽ:— വേണ്ട വേണ്ട, ഞാനങ്ങ്ട് വരാം. (എഴുന്നേററുപോയി കാപ്പികൊണ്ടുവരുന്നു. അഫ്ഫൻ കാപ്പികുടിക്കുന്നു)

അഫ്ഫൻ:— വല്ല്യേ പാററാ പററീത്. ഹിന്ദുമഹാസഭേടെ പ്രവർത്തനം വളരെ സൂക്ഷിച്ച് വേണംന്ന്ള്ള മട്ടാ.

വക്കീൽ:— കമ്മ്യൂണിസ്റ്റ്കൾക്കില്ല്യേ ചില യൂജ്യാവല്; അത്പോലെ ഒക്കെ വേണ്ടിവരും. അപ്പൊ ഇനി സമ്മേളനോക്കെണ്ടാവേ്ാ, തൃശ്ശൂര്?

അഫ്ഫൻ:— സംശാണ്, ഇല്ല്യാണ്ടാക്കാൻ പലരും ശ്രമിക്ക്ണ്ണ്ട്. യോഗക്ഷേമക്കാരും കൊണ്ട്പിടിക്ക്ണ്ണ്ടത്രേ. പക്ഷെ ഇപ്പറത്ത് താല്പരപ്പനൊക്കേണ്ടലോ. അതോണ്ട് ഇനി എങ്ങന്യാ നിശ്ചല്ല്യ.

വക്കീൽ:— എന്തെ; ഇക്കൊല്ലം യോഗക്ഷേമസഭക്ക് കണ്ടില്ല്യലോ?

അഫ്ഫൻ:— ഇല്ല്യാ. ശ്ശി സംശേച്ച്, എങ്ങന്യാ വേണ്ടേന്ന്. പോയിട്ട്വല്ല്യേ പ്രയോജനൊന്നൂല്ല്യ. ന

മുക്ക് ഭൂരിപക്ഷം കിട്ടാന്ള്ളത് തീരേണ്ടാവില്ല്യ. അതേ പിന്നെ.

വക്കീൽ:— അത് ശര്യാ. വക്കിങ്ങ്കമ്മിററിമെമ്പ്രന്മാരടെ തെരഞ്ഞെടുപ്പില് തന്നെ കുറൂര് മുതലായ്യോക്ക് വല്ല്യെ തോലിയാ പററീതേയ്.

അപ്ഫൻ:— അതേതെ. കാരോന്നിലും ഇങ്ങനെ തോററ് പഷ്ളാവണത് കാണാൻ പോണോന്ന് നിരീച്ചു. എൻെറ അഭിപ്രായത്തില് കുറൂരു മുതലായോരൊക്കെ സ്ഥാനാത്ഥിത്വം പിൻവലിക്ക്യേ വേണ്ടീന്ന്ന്നാ.

വക്കീൽ:— ശര്യാത്. എന്നാത്ര വെട്ടവെപ്യാൻെറ കഴിക്കാന്.

അപ്ഫൻ:— പിന്നെ, വേണംച്ചാ കുറൂരു നമ്പൂര്യോക്കെ നിരീച്ചാ ഇതിന്നെതിരായിട്ട് ഒരു സംഘടന തന്നെ നമുക്കിണ്ടാക്കാൻ പാററില്ല്യേ?

വക്കീൽ:— പാററായെന്നൂല്യ. പക്ഷേ, ഉത്സാഹിക്കാൻ ഒരാള് വേണ്ടേ? പിന്നെ, ഒരാവശ്യോം വേണ്ടേ?

അപ്ഫൻ:— കുറൂരും താല്പൂരും ഒക്കെ ഉത്സാഹിച്ച് പൊറപ്പെടണം. എന്താ, പ്പൊ, ദാ, നമ്മളൊക്കെ ങ്ങ്ട് ഉത്സാഹിക്ക്യായില്ല്യേ? പണ്ടത്ത്ാളുള്ളൂണ്ടാവും പ്പുത്താളുള്ളൂണ്ടാവും. എന്താ, ഇല്ല്യാന്ന് തോന്ന്ണ്ണ്ടോ?

(അപ്ഫൻ നമ്പൂരി മൂളുകുന്നു)

വക്കീൽ: —പക്ഷേ ആരാ, ഇതിന്നൊക്കെ ശ്രമിക്കാൻ?

അപ്ഫൻ:— സി. കെ. ണ്ടലോ. അയാളെക്കൊണ്ട് ഇതല്ല, ഇതിലപ്പുറം ചെയ്യിക്കാം. ഒന്നു പിരികേറ്റി വിടണം അത്രേള്ളു.

വക്കീൽ:— ഓ. അയാള് മതി, അയാളിതിനൊക്കെ തയാറാണേന്നീം. എന്നാ പോഴിശ്ശേരിനമ്പൂരിടെ ഇല്ല്യത്തുവെച്ചന്നെ അതിന് പ്ലാനിട്ടാലോ? വരില്ല്യേ, അന്ന്?

അപ്ഫൻ:— ഉവ്വ് വ്വ്. വരും, ഞാനെങ്ങനായാലും വരും.

(ദേവകി "അതെയ് എൻെറ വാച്ചെട്ത്തിട്ട് എവടെയാ വെച്ച്?" എന്നു ചോദിച്ചുകൊണ്ട് പകുതി പ്രവേശിക്കുന്നു. വക്കീൽ ചാടിഎണീറ്റോടി "അതവടെത്തന്നൊണ്ട്. അറേല് ആണീമ്മല് തൂക്കീട്ട്ണ്ട്. ഇങ്ങട് വരണ്ട. അങ്ങട് പൊക്കോളു" എന്നു പറയുന്നു)

വക്കീൽ:— (പരിഭ്രമത്തോടെ) നമ്പൂരീ, എന്താപ്പൊ, വിശേഷിച്ച്?

അപ്ഫൻ:— എന്താത്ര പരിഭ്രമിക്കണ്. ഇരിക്കു.

വക്കീൽ:— എയ്. ഒന്നൂല്ല്യ. ഒന്നൂല്ല്യ. ചോദിച്ച്ന്നേള്ളു. അല്ല, വല്ല കോൺഗ്രസ്സാവശ്യായിട്ടോറ്റ്യാണോന്ന്. നമ്പൂരിക്കിപ്പോ കോൺഗ്രസ്സിൻേറം ഹിന്ദുമഹാസഭേടേം രണ്ടൂണ്ട്. അങ്ങനല്ലേ?

അപ്ഫൻ:— ഓ. കൊറച്ച് കൊറച്ചൊക്കെ രണ്ടിൻേറണ്ട്. ഞാൻ പ്പൊ വന്നത് അതൊന്ന്വല്ലായ്ക്കാ. ഇല്ലത്തെ വെൺകൊടേപ്പറ്റി ഒന്ന് സംസാരിക്കണംച്ച്ട്ടേ പോന്ന്.

വക്കീൽ:— എന്താ, വല്ല വഴ്യാായ്യോ?

അപ്ഫൻ:— ആയിച്ചാലോ: അങ്ങനെ പറയ്ക്കോന്നു സംശാ. ചെലതൊക്കിങ്ങനെ ആലോചിക്കേം പാറം ചെയ്യേം കൈക്കെഴിഞ്ഞിട്ടുണ്ട്. ഒന്നും ഒട്ടായിട്ടില്ല്യ. അങ്ങന്യാ.

വക്കീൽ:— ച്ചാലോ? ഒന്നും മനസ്സായില്ല്യേയ്.

അപ്ഫൻ:— കാസർകോട്ട്ന്ന് ഇത്തിരി വടക്ക്, 'മോളൂര്'ന്നോ പറഞ്ഞത്, ഒരാള്ണ്ട്. പറഞ്ഞ്കേട്ടേടംകൊണ്ട് വല്ല്യേ തരക്കേടൊന്നും തോന്നീല്ല്യ. അപ്പുങ്ങ്ടൊറച്ചു.

വക്കീൽ:— നമ്പൂര്യന്ന്യാണല്ലോ.

അപ്ഫൻ:— വന്ന ആള് പറഞ്ഞത് നമ്പൂര്യാണെന്നാ. പിന്നെ, അഥവാ നമ്പൂര്യല്ലാന്ന്വെ വെയ്ക്ക്വാ. മിശ്രവിവാഹാവുംന്നല്ലേ? മിശ്രവിവാഹം പ്രസംഗിക്കാണ്ടെ പ്രവൃത്തീലങ്ങട് കാട്ടിക്കൊടക്കാ— അതേ ഒന്ന് സമാധാനിച്ച്.

വക്കീൽ:— എത്ര്യാ സംഖ്യ?

അപ്ഫൻ:— അതല്ലേ പറേണ്ട്: വല്ല്യേ പണക്കാരനാ അയാള്. അപ്പൊ അങ്ങ്ട് ധർമ്മവള്ളിപോലെ മതിന്നും അതിന്റെ സന്തോഷായിട്ട് ഇങ്ങട് 3350 ഉറുപ്പിക തരാംന്നാ‌ണ് പറഞ്ഞിട്ടുള്ളത്.

വക്കീൽ:— സന്തോഷായിട്ടാച്ചാ 3000-ന്നോ 4000 ന്നോ അല്ലാണ്ടെ 3350-എന്നൊക്ക്യായെന്തേ?

അപ്ഫൻ:— 4000-ത്തിമ്മെ പിടിച്ച് 3350-മ്മെ ഒറച്ചു. അതാ.

വക്കീൽ:— നമ്പൂരി, ആസകലാക്കൂടി കൊറച്ചൊരു സിരസിമട്ടാവോ? നിശ്ചല്യാണ്ടെ ചോദിയ്ക്ക്യാണേയ്.

അപ്ഫൻ:— ഏയ്-ഒട്ടല്യ-നമ്മളെന്താ ചെയ്യ്വാ, അയാൾക്ക് സന്തോഷായിട്ട് ഇങ്ങട് തരണേന്?

വക്കീൽ:— ഒറക്കെപ്പറേണ്ട, നിശ്ചം. സ്വകാര്യായിട്ടിരുന്നോട്ടെ. അതാവും ഭേദം. എന്താ സംസാരിക്കാറുള്ളത്?

അപ്ഫൻ:— വഴിച്ചെലവിന്ന് പറഞ്ഞ് 350 ഉറുപ്പ്യ ഇപ്പൊ വാങ്ങീട്ട്ണ്ട്. ബാക്കി സംഖ്യ കുട്ട്യേം കൊണ്ട് അവടെ ചെല്ലുമ്പൊ തരാന്നാ പറഞ്ഞേട്ട്ള്ളത്. വേള്യൊക്കെ കഴിഞ്ഞിട്ട് സംഖ്യ തന്നില്യാച്ചാ ഈടാക്കാൻ എന്താവഴി? കുട്ട്യേ മടക്കിക്കൊണ്ടോരണതും കൊറച്ചുങ്ങനെല്ലേ?

വക്കീൽ:— അത് സാദ്ധ്യല്ല. ലീഗലായിട്ട് ഒരു വഴീല്യ-സംഖ്യ മുഴോനും ഇപ്പൊത്തന്നെ ആവശ്യപ്പെട്ടോ. എന്താ തരക്കേട്?

അപ്ഫൻ:— തരക്കേടൊന്നൂല്യ. പക്ഷെ അയാള് തരണ്ടേ? ആട്ടെ, പരീക്ഷിച്ചു നോക്കട്ടെ. പണം മുഴോനും തന്നേ കുട്ട്യേം കൊണ്ടങ്ങട് പൊറപ്പെടുള്ളൂന്നാ പറഞ്ഞേക്കാം. എന്നാ ഇപ്പൊ പറഞ്ഞിരിക്കല്ലെ-വണ്ടിക്ക്ള്ള സമയോം ആയി. പോഴിസ്സീരിക്കാണം. (പോകുന്നു.)

വക്കീൽ:— പോഴിസ്സീരിക്ക് വരാൻ അമാന്തിക്കരുതേയ്. എന്നാൽ കുംഭം നാലാന്തി, രാത്രി അല്ലേ?

(അപ്ഫൻ നമ്പൂരി അകലെനിന്ന് 'അതേ അതേ' എന്നു പറയുന്നു.) (കട്ടൻ)

രംഗം: നാല്.

സ്ഥലം: വക്കീലിന്റെ ശയനമുറി. സമയം: കാലത്ത് ഏഴുമണി

[വക്കീൽ മുണ്ടുടുത്ത് ബനിയനിട്ട് ടർക്കിഷ്ടവൽ കഴുത്തിലിട്ട് ഷേവുചെയ്യുന്നു. കണ്ണാടി, ചീപ്പ്, കുട്ടിക്കൂറപൌഡർ, മഷി-സ്റ്റീൽപെൻ, പേപ്പർ മുതലായവ മേശപ്പുറത്ത് ചിന്നിച്ചിതറിക്കിടക്കുന്നു. അകത്തു ദേവകി പാടുന്നു.

അക്കാദമി

"മുഷ്ടിചുരുട്ടുക സോദരിമാരേ;
മുറ്റമഭിവാദ്യം ചെയ്യുക നമ്മൾ;
മുക്തശരീരയാം ദേവിയൊടിപ്പോൾ
രക്താഭിവാദന മോതുക നമ്മൾ
തിണ്ണമീയാറടി മണ്ണിനിയസ്സൽ—"

(പ്രവേശിക്കുന്നു)

കണ്ണാടി നോക്കാൻവേണ്ടി വരുന്ന ദേവകി അറിയാതെ കസാലയുടെ കൈ തട്ടുന്നു.

വക്കീൽ:—"വാട്ടീസ് ദിസ്" എന്നു ദേഷ്യപ്പെട്ടു പിടഞ്ഞെണീററ് "ഇപ്പൊത്തന്നെ മുറിഞ്ഞെന്നു"

ദേവകി പരിഭവിച്ചു തലതാഴ്ത്തി പോകാൻ ഭാവിക്കുന്നു.
വക്കീൽ:- നെവർമൈൻഡ്-നെവർമൈൻഡ്-കമോൺ"
ദേവകി:—"പ്ലീസ് എക്സ്ക്യൂസ്മി" അടുത്തുവന്നിരിക്കുന്നു.]

വക്കീൽ:— ഷേവുചെയ്യുമ്പോ ഇങ്ങനെ കസാല എളക്ക്യാലോ കുട്ട്യോളെപ്പോലെ. പത്തുവരെ പഠിച്ചിട്ടും ഇത്ര വകതിരിവില്ല്യല്ലോ. താടി മുറിഞ്ഞു പോവില്ല്യേ?

ദേവകി:— ഇനി എളക്കില്ല്യ. ഞാൻ ഒന്നു കണ്ണാടിനോക്കാൻ ഭാവിച്ചതല്ലേ? ഇന്ന് കോടതീന്ന് വരുമ്പളേയ് നല്ല ഒരു കണ്ണാടി മേടിച്ചു കൊണ്ടോരേ്ാ? ഇവടേള്ള ചീപ്പും ഒന്നിനും നന്നല്ല. ഈ കണ്ണാടീല് നോക്ക്യാ എന്താ കാണ്വാ? ത്തിരി വല്ല്യേ കണ്ണാട്ട്യായിട്ട് വാങ്ങണം. (കുറച്ചുകഴിഞ്ഞ്) പിന്നേയ്, അതേയ്, നിങ്ങടെ ലൈബ്രറിന്ന് യുവജനസംഘം പബ്ളിക്കേഷൻസിലെ ഒരു പുസ്തകംകൂടി കൊണ്ടോരണം.

വക്കീൽ:— ബലെ ബലെ. ബാറസോസ്യേഷൻ ലൈബററീല്ലാ ബുക്കേളുള്ളന്നറീല്ല്യാ, ഉവ്വോ? നിങ്ങളേപ്പോലെ പണീല്ല്യാത്തോക്ക് സമയം കളയാന്ള്ള നോവലും കവിതേം ഒന്നും അവടേല്ല്യ. ഇനിയെങ്കിലും ധരിയ്ക്കൂ്ാ അത്.

ദേവകി:— (പുരികം കോട്ടി) ഓാാ. പണീല്ല്യാത്തോന് പരിഹസിക്കേ്ാന്നും വേണ്ട. തുന്നലോ നെയ്ത്തോ എന്തെങ്കിലും പഠിക്കണംച്ചിട്ടല്ലേ തൊഴിൽകേന്ദ്രത്ത്ല്ക്ക് പോണംന്ന് പറഞ്ഞ്! അപ്പത് സമ്മതല്ല്യ.

വക്കീൽ:— തൊഴിൽകേന്ദ്രത്തിൽ പോണ്ട. തറവാടിത്തല്ല്യാത്ത ചെലരടെ കൂട്ടുകെട്ടോണ്ടാ ഇതൊക്കെ തോന്നണ്. അധികപ്രസംഗത്തിനൊന്നും പോവാണ്ടെ ഭർത്താക്കന്മാരടെ ഹിതം നോക്കി നടക്ക്വാ സ്ത്രീകൾക്ക് ഗുണം.

ദേവകി:— ഭർത്താക്കന്മാര് മര്യാദക്ക് പെരുമാറ്റാ അവരടെ അഹിതം സമ്പാദിക്കാൻ ആരും പൊറപ്പെടാറില്യ. ആ ഡാക്ടര് ചടങ്ങരേപ്പോലെ ആത്തേമ്മാരെ വെറുതെ ചീത്തപറ്റാനും അടിക്കാനും പൊറപ്പെട്ടാലോ. അതും സഹിച്ചിരിക്കണം ന്നാ പറേണത്?

വക്കീൽ:— ഞാൻ പറേമ്പോ, ഡാക്ടർ ചടങ്ങൻ നല്ല തൻേറടോം മര്യാദേം ഒള്ളൊളാണ്. അടിക്കാറില്യാന്ന് ആ അന്ത്രേമ്മാരേക്കൊണ്ടന്നെ പലക്കും എഴുതിച്ചിട്ട്ണ്ടലോ.

ദേവകി:— എഴുതിച്ചിട്ടുണ്ടലോ, അപ്പൊ തീച്ചായില്യേ അടിക്കാറ്ണ്ട്ന്നും നിർബ്ബന്ധിച്ചെഴുതിച്ചതാണ്ന്നും. അയാൾക്ക് പറ്റാനും കാട്ടാനും വയ്യാത്തതൊന്നൂല്യ. ഇന്നാളവരടെ ഉപസഭായോഗത്തില് വെച്ച് ഘോഷകളഞ്ഞ അന്തജ്ജനങ്ങളെ അസഭ്യായിട്ടാക്ഷേപിക്ക്യേണ്ടായി. സാരം ദിവസം മുമ്പ് അയാളിവടെ വന്നില്യേ, ബ്രഹ്മസ്വംമഠം സംബന്ധിച്ച് ഒരു ഹരജി ഒപ്പിടീച്ചു കൊണ്ടുവാൻ. വിദ്യാത്ഥികൾക്ക് മഠത്തിൽ ചോറുകൊടുക്കണത് നിത്തണംന്നല്ലേ അതിൽ പറഞ്ഞിട്ട്ള്ളത്.

വക്കീൽ:— അത് ശര്യല്ലേ? വിദ്യാത്ഥികൾക്ക് മഠത്ത്ല് വെറുതെ ചോറുകൊടുക്കണത് അവരെ അലസന്മാരാക്ക്ല്ലേ! ഓത്തൂട്ടിന് തെണ്ടണതും ബ്രഹ്മസ്വം മഠത്തിൽ ചോറിന് തെണ്ടണതും ആയിട്ടെന്താ വ്യത്യാസം? എൻെറ ഇസ്പ്രെഷൻ ഡോക്ടർ ഒരു ജെൻറിൽമാനാണെന്നാണ്.

ദേവകി:— അതേതെ. ഇങ്ങനോള്ള വഷളത്തങ്ങളാണ് ജെൻറിൽമാൻെറ ലക്ഷണംന്ന് വെച്ചാ ജെൻറിൽമാൻതന്നെയാ. പക്ഷെ, ഞങ്ങളാരും, സ്ത്രീകളാരും തന്നെ, ഈ കൂട്ടരെ-പതാകക്കാരെ—നല്ല്യാള്കളാണെന്ന് പറയാൻ തയാറില്ല്യ.

വക്കീൽ:— എന്താപ്പൊ അവര്ക്കൊരു കൊറവ്? പെണ്ണുങ്ങളെ വേണ്ടാണ്ടങ്ങനെ കൊണ്ടാട്ണില്ല്യാന്നോ?

ദേവകി:— സ്ത്രീകളാച്ചാ അടിമകളാന്നാ അവരുടെ നാട്യം. പുരുഷന്മാരുടെ സുഖസാധനങ്ങളാന്നാ. അന്തർജ്ജനങ്ങളെപ്പറ്റി എന്തൊക്കെ പുലഭ്യങ്ങളാ ആ കൂട്ടര് യോഗക്ഷേമസഭേല് പറഞ്ഞത്? കേട്ടില്ല്യേ ഒക്കെ?

വക്കീൽ:— എന്താ അതിലിത്ര തെറ്റ്? കൊറച്ചൊക്കെ വാസ്തവല്ല്യേ? (വാച്ചുനോക്കി) ഓ, പറഞ്ഞ് പറഞ്ഞ് നേരം കൊറെ ആയി. കുളീം ഊണും കഴിഞ്ഞ് കോടതീലെത്തുമ്പോളുക്കും നേരം വൈകും.

ദേവകി:— ഏ: ഹേയ്, സ്കൂളിൽ ലേറ്റായിച്ചെല്ലണ കുട്ട്യോളെപ്പോലെ വൈകിച്ചെല്ലണ വക്കീലന്മാരേം കോടതീടെ പൊറത്ത് നിർത്ത്വാ?

വക്കീൽ:— വിഡ്ഢിത്തം ഓരോന്ന് വെളമ്പാണ്ടിരിക്ക്വാ. സ്കൂൾക്കുട്ട്യോളും വക്കീൽമാരും ഒരുപോലെയാ! ഞാൻ ഓറാഴ്ച കോടതിക്ക് പോയില്ല്യെങ്കിത്തന്നെ ആരും ചോയ്ക്കാനില്ല്യ.

ദേവകി:— എന്നാപ്പിന്നെന്തിനാ, ഒരുസോം മൂട്ടാണ്ടെ വേഷം കെട്ടി പതിനൊന്നു മണിക്ക് അവടെ ചെന്ന് അഞ്ചു മണിവരെ മൂട്ടകടീം കൊണ്ടിരിക്കണെത്?

വക്കീൽ:— അതൊക്കെ പറഞ്ഞാ ണ്ടോ നിങ്ങക്ക് മനസ്സിലാവാൻ പോണു. ആട്ടെ, കുളികഴിമ്പളുക്കും ഉൗങ്കലാക്കിച്ചു തരോ? അതിന് മിടുക്ക്ണ്ടോ?

ദേവകി:— ഓഹോ, അതൊക്കെ ആവാം. ചീപ്പും കണ്ണാടീം കൊണ്ടരാൻ മറക്കരുതേയ്.

വക്കീൽ:— മറക്കില്ല്യ, മറക്കില്ല്യ. (പോകുന്നു)

(കട്ടൻ)

കേരള സാഹിത്യ അക്കാദമി

രംഗം: അഞ്ച്.

സ്ഥലം: അമരത്താട്ടെ തെക്കെതൊട്ടി. സമയം: വൈകുന്നേരം മൂന്നുമണി.

[അമരത്താട്ടമ്മ ഉറക്കംതൂങ്ങിക്കൊണ്ട് ഉമ്മറത്തിരുന്ന് നാമം ജപിക്കുന്നു. ഇടക്കിടെ മാല കയ്യിൽനിന്ന് വീഴുന്നുണ്ട്.

(അണിയറയിൽ.)

"പറഞ്ഞോടാ, പറഞ്ഞോടാ ഞാൻ ഒരുപാക്കേണ്ട, നാളെ വൈകുന്നേരത്തിന് തന്നെ മടങ്ങി എത്തും, ഇല്ലെങ്കി മററന്നാ വൈന്നേരത്തിന് നിശ്ചം. ആ കണ്ടങ്കാളിവന്നാലേയ്, പാട്ടം ഒട്ടും വിട്ടുകൊടക്കാൻ ഇപ്പൊ സാധ്യല്ലാന്നാ പറഞ്ഞതന്ന് പറഞ്ഞേക്ക്. നാളെത്തന്നെ മുഴുവനും അളക്കണംന്നും പറഞ്ഞേക്ക്."

"പിന്നേയ് അമ്പലത്തിന്റെ വേലികെട്ടാൻ മറക്കര്ട്ടോ — അവററ വന്നങ്ങട് കേറ്യാ നന്ന ബുദ്ധിമുട്ടാവും. വയ്യാന്ന് പറാന്നാം ഞെരുക്കം. സൊകാര്യക്ഷേത്രാന്ന് തന്നെ വന്നോട്ടെ."

"ആ ഡാക്കർ ശങ്കരനേയ് കാരംകൊണ്ട് നെല്ലിന് വന്നൂന്ന് വരും. പറക്ക് ഒമ്പതുറുപ്പികവീതം വാങ്ങി അഞ്ചുപറ നെല്ല കൊടുത്തോ."

അപ്പൻനമ്പൂരി അമ്മയുടെ അടുക്കലേക്ക വരുന്നു.]

അപ്ഫൻ:— അമ്മേ, അമ്മേ, ഞാൻ ഇപ്പൊ അങ്ങട് എറങ്ങ്യാലോന്ന് നിരീക്ക്യാ, മോളൂക്ക്. എന്താ, അങ്ങനൊക്കെത്തന്നെ അങ്ങട് ഒറക്ക്യല്ലേ?

അമ: അമ്മ:— ആ. ഒറക്ക്ാ. ഇശ്ശി വഴീണ്ട്, ഇശ്ശി അകലെയാണ്. എന്താ കാട്ട്ാ! അതിന്റെ തലേലെഴുത്തങ്ങനെയാ.

(ദേവസേന പ്രവേശിച്ച്) നാളെ പലഹാരത്തിന്ന് എത്ര്യാ അരി നനയ്ക്കണ്ടത്, മുത്തശ്ശ്യമ്മേ?

അപ്ഫൻ:— നിണക്ക് നിശ്ശല്ല്യേ? ചട്ടോം എട്ക്കണെത്തു് ത്ര ചോദിയ്ക്കാണ്ടൊ?

ദേവസേന:— ചോദിച്ചാ എത്രാ വേണ്ടേന്ന പറേല്ല്യേ; ചോദിയ്ക്കാണ്ടെ ചെയ്തുപ്പോൽ ശകാരിയ്ക്കും ചെയ്യും. (പോകുന്നു.)

അപ്ഫൻ:— വയ്യോക്കെ വളരെ എളുപ്പാ അമ്മേ. പണ്ടൊക്കെങ്ങനെയാ? ഒരുസം ഇല്ലത്ത്ന്ന് പൊറപ്പെട്ടാ പിറേറസല്ലേ അമ്മാത്തെത്തുള്ളു. ഇത് ഇന്ന് കാലത്ത് പൊറപ്പെട്ടാ വൈന്നേരത്ത്ന് അവടെ എത്തും. അത്രേള്ളു അകലം.

അമ: അമ്മ:— കാലത്ത് പൊറപ്പെട്ടാലല്ലേ? അതിനിപ്പൊ പോണെന്തിനാ?

അപ്ഫൻ:— ഞാനിപ്പൊ ഷൊറണൂക്കാ പോണത്. നാളെ കാലത്തേ മോളൂക്ക് പോവുള്ളു. ഇന്ന് വൈന്നേരം പോഴിശ്ശീരിവെച്ച് ഒരു സഭേണ്ട്. അതിനെങ്ങനായാലും ചെല്ലണംന്ന് നമ്പൂരി പറഞ്ഞ്ട്ട്ണ്ട്.

അമ: അമ്മ:— എന്തിന് വേണ്ടീട്ടാ സഭ? സഭാന്ന് കേക്കുമ്പോ എനിക്കിങ്ങനെ പേട്യാവ്വാ. വേളി മൊടക്കാനോ ഐത്തക്കാരെ അമ്പലത്തിക്കേററാനോ, എന്തിനാന്നിരിക്കേ്.

അപ്ഫൻ:— അമ്മ പേടിക്ക്യാന്നും വേണ്ട. അതിനൊന്നുമല്ലാ. കവളപ്പാറ ഫണ്ടിനെപ്പററി ആലോചിക്കാനാ.

അമ: അമ്മ:— എന്തേ, ഒക്കെ കള്ളൻ കൊണ്ടോയോ? മൂപ്പ്ലായരടെ പണ്ടോറവ്വാണോ?

അപ്ഫൻ:— ഫണ്ടല്ല്യ, ഫണ്ട്. ഞാനും കുമ്മി ണിരാമനുംകൂടി കുവളപ്പാറെ എല്ലാ ഇല്ല്യത്തും കേറി എറങ്ങി എരന്ന്ണ്ടാക്കീണ്ടാന്ന് കൊറെ ഉറുപ്പിക. ഇപ്പൊ, വീട്ടീം പാണ്ടോം കെക്കളുടീണ്ട് അത് തട്ടികൊണ്ടോവാൻ വന്നടക്കണു. അത് തരാവില്ല്യാന്ന് പറ്യാനാ ഞാൻ പോണ്.

അമ: അമ്മ:— ആര്? വീട്ട്ര്യാ? മുമ്പെ ഒരിക്കെ കുട്ടനൊരുമിച്ച് ഇവടെ വന്ന ആളല്ലേ? ആ കറത്ത വട്ടേരി? ചെറ്ത്തക്കാരെ അമ്പലത്തിക്കടത്തണം ന്നൊക്കെ പ്രസംഗിച്ച ആള്. അതല്ലേ?

അപ്ഫൻ:— ഓഉ, അതന്നെ. അവരന്ന്യാ വക്കാണത്തിന് വരണ്. പണ്ട് കൊറെ ഭേദേന്ന്; ഇപ്പോക്കെ തലതിരിഞ്ഞടക്ക്ണു. എന്തായാലും ഞാൻ പോയിവരട്ടെ.

അമ: അമ്മ:— വെള്ളപ്ര്യാതറോം വാൽക്കണ്ണാടീം ഒക്കേല്പിച്ചിട്ടില്ല്യേ?

അപ്ഫൻ:— ഉവ്വ്. ഒക്കെല്പിച്ചിട്ട്ണ്ട്. അരി കൊറച്ച് കുത്താൻ കൊടത്തേസ്സു. പൊറമെ ചെല വക്കീലമ്മാരേം മജിസ്ട്രേട്ടമ്മാരേം ഒക്കെ ക്ഷണിച്ചേസ്സാം.

അമ: അമ്മ:— എന്നാ ഇനി വൈകിക്കണ്ട. പാട്ട് രാശി തെടങ്ങണേന്റെ മുമ്പന്നെ പൊക്കോളൂ. നല്ലോണം നിരീച്ച് പോണേ, കുട്ടാ. ഈശ്വരനെ നിരീച്ച് തൊളസിയേം തൊഴത് പോണേ. ഒക്കെ സാമാന്യം പോലെ കഴ്യേണ്ടേ?

അപ്ഫൻ:—അങ്ങനെയായ്ക്കോളാം. (പോകുന്നു)

(കർട്ടൻ)

രംഗം: ആറ്.

സ്ഥലം: വക്കീലിന്റെ ഇരുപ്പുമുറി. സമയം: ഞായറാഴ്ച പകൽ മൂന്നുമണി.

[വക്കീൽ ചില കണക്കുകൂട്ടുന്നതിലും കടലാസ്സു നോക്കുന്നതിലും വ്യാപൃതനായിരിക്കുന്നു. അണിയറയിൽ ദേവകി പാടുന്നു.]

"പടയൊരുങ്ങുകയായി, പടയൊരുങ്ങുകയായി:
അടുക്കളയ്ക്കകത്താണീപ്പടയൊരുക്കം.
സപത്നികളസംതൃപ്തഹൃദയകൾ, ഞങ്ങളെന്നും
സമരമന്യോന്യം ചെയ്തു നശിയ്ക്കുകില്ല."

വക്കീൽ:— വഷളായിട്ടുള്ള പാട്ട് ഇത്രൊറക്കെ ചെയ്യ്വാണ്ടിരിക്കരുതേ എന്നാല്. ബാക്കീള്ളോരേംകൂടി ഒരു ജോലീടുക്കാൻ സമ്മതിക്കില്യാന്നാ.

ദേവകി:—

"നെടുമംഗല്യമുള്ളരടാൽ പുരുഷമേധാവിത്വമേ—
(പ്രവേശിക്കുന്നു)
കെടുക്കിട്ടു നിർത്തിടുവാനാകാ ഞങ്ങളെ—"

വക്കീൽ:— (ചെവിപൊത്തിക്കൊണ്ട്) അരേലിരുന്ന് തൊള്ളേട്ടാൽത്തന്നെ ഇവടെയിരുന്ന് ഒന്നും ചെയ്യാൻ വയ്യാ. ഈ വക പാട്ട്കള്ണ്ടാക്കി അച്ചടിച്ച് വിടണോരോട്തന്നെ ദേഷ്യം വര്ണ്ണ്ട്.

ദേവകി:— (കസേരയിലിരുന്ന്) പാട്ടുപാടാനും പാടില്യാച്ചാ വല്യേ ബുദ്ധിമുട്ടാവേയ്. എനിക്കിഷ്ടള്ളത് ഞാൻ പാടും.

"അന്തഃപുരമട്ടുകർ തൻ ചവിട്ടുമിടിയുമേൽക്കാൻ
അന്തർജ്ജനമിനിമേലിലടിമയല്ല."

വക്കീൽ:— (അസഹ്യഭാവം നടിച്ച്) എന്നാ എനിക്ക് തോന്നണത് ചെലത് ഞാനും പ്രവത്തിക്കും. അത്രയാവാണ്ടെ കഴ്യേട്ടേന്ന് നിരീക്ക്ാ. അപ്പതിനൊക്കോണം ഏറ്റ് അധികപ്രസംഗം.

ദേവകി:— ഞാനിപ്പെന്താ, ഒരധികപ്രസംഗം കാട്ട്യേ?

വക്കീൽ:— എന്നാപ്പിന്നെന്തിനാ അലറിക്കൊണ്ടിങ്ങട്ടെഴുന്നള്ളിച്ച് ഇപ്പൊ?

ദേവകി:— അതോ, അന്തർജ്ജനസമാജം വകയായി ഒരു പ്രചരണയാത്ര പൊറപ്പെടുണ്ണ്ണ്ട്. മലബാറിലെ ബാച്ചില് എന്നേം ചേത്തിട്ട്ണ്ട്. മററന്നാ ഷൊറുണ്ണൂര്ന്ന് പൊറപ്പെടും. നാളെ വൈകുന്നേരം എനിക്കവ്ടെ എത്തണം.

വക്കീൽ:— അന്തർജ്ജനസമാജത്തിൻെറ പരിപാടികൾ ദിവസം ചെല്ലുംതോറും വഷളായി വര്ണ്ണ്ണ്ട്. എന്തിനേ, പാലിയത്തു പോയി വെറുതെ പൊല്ലീസ്സുകാരുടെ തല്ലുകൊണ്ടു പോന്നത്? വല്ല കാര്യോംണ്ടായൊ അതോണ്ട്?

ദേവകി:— കാര്യണ്ടായാലും ഇല്ലെങ്കിലും, ഏതു സംഘടനയ്ക്കുണ്ട് പൊതുപ്രസ്ഥാനത്തെ സഹായിയ്ക്കേണ്ട ചൊമതല. അതേ അന്തർജ്ജനസമാജം ചെയ്തുള്ളൂ.

വക്കീൽ:— അന്തർജ്ജനസമാജത്തിന് ഇത്ര അപകടോം അനാവശ്യോം അല്ലാണ്ടെ വല്ല പരിപാടീം നടത്തരുതേ? ഈ പ്രചരണം കൊണ്ട് സമാന്യം പോലെള്ളോരെ വെറുപ്പിക്ക്യാന്നല്ലാണ്ടെ വല്ല പ്രയോജനോണ്ടോ? നല്ല നല്ല പ്രോഗ്രാം എത്രേണ്ട് ചെയ്യാൻ? ഞാൻ പറയുമ്പോ, ഓരോ ഇല്ലത്തേക്കും സമാജത്തിന്ന് ഓരോ ചക്കവീതം വാങ്ങികൊടുക്കണം. പിന്നെ വീട്ടിലിരുന്നു തന്നെ സൃഷ്ടിപരമായ ജോലി നടത്താൻ വേണ്ട നിർദ്ദേശോം കൊടുക്കണം. അതിനും ടെക്നിക്കൽ സൈഡിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു മാസിക നടത്ത്യാത്തന്നെ തരക്കേടില്ല. ഇതൊക്കെ സമുദായത്തിലെ ഏതു വിഭാഗത്തിനും ഉപകരിക്കണതും സ്വീകരിക്കാവുന്നതും ആണ്.

ദേവകി:— സമാജാംഗങ്ങള് സ്വീകരിച്ചിട്ടുള്ള പരിപാടിയാ ഭാരവാഹികള് നടപ്പിൽ വരുത്തണത്. ഏതൊരു സംഘടനേം അങ്ങന്യാ പതിവ്.

വക്കീൽ:— നിങ്ങടെ സംഘടനതന്നെ തെററാ. ആ കൊച്ചുട്ട്യേമ്മ വിദ്യാലയത്തിൽ പ്രസംഗിച്ചില്ല്യേ, എത്ര വാസ്തവാത്? ഇപ്പൊ പൊറത്ത് വന്ന അന്തർജ്ജനങ്ങളിൽ നയൻറിപേഴ്സൻറും വഴിപിഴച്ചോരാന്നും സ്ത്രീകളവരടെ പ്രകൃതിത്വം കളഞ്ഞ് സ്വാതന്ത്ര്യത്തിൻെറ പേരിൽ പുരുഷന്മാരാവാൻ ശ്രമിക്കണത് തെററാ

ണെന്നും പറഞ്ഞതൊക്കെ അക്ഷരംപ്രതി ശര്യാ. മിസിസ് ഓയമ്മസ്സോ ദേവകീനിലയത്തോടോറ്റ്യാ. ഭാരവാഹികള്‍ക്ക്യാ ഒന്ന് ഗുണദോഷിച്ച് നോക്കാന്‍. ഈ ആഴ്ച്യാവള്ളം-ഗംഗാദേവിവഹക്കാരോട് സംസാരിക്കാന്‍ തന്നെ മുഷിം.

ദേവകി:— എങ്ങനെയാ മുഷ്യാണ്ടിരിക്ക്യാ, ഉറുളുക്കപ്പേരി അപ്പപ്പൊ കിട്ടും, അല്ലേ?

വക്കീല്‍:— ഭേദപ്പെട്ടാള്‍കളെപ്പററി ചീത്ത്യായിട്ട് തൊള്ളേല്‍തോന്നീതങ്ങനെ പാടിക്കൊണ്ട് നടക്കം. എന്നിട്ടതിന് പേര് പ്രചരണയാത്രാന്നും.

ദേവകി:— ഇന്ന് നമ്പൂരാരിലെത്രാള്‍കള്‍ണ്ട്, പരിഷ്ക്കാരത്തിന്റെ പേരിലുംകൂടി അന്തര്‍ജ്ജനങ്ങളെട്ട് മട്ടിസ്സണാ? അത്തരക്കാരെ കണ്ടുപിടിച്ച് തൊലിയുരിക്കാന്‍ള്ളതന്ന്യാ ഈ പ്രചരണയാത്ര.

വക്കീല്‍:— മതി മതി. വിഡ്ഢിത്തം പറഞ്ഞത്. എന്തായാലും പ്രചരണത്തിന് പോവാന്‍ പററില്ല്യാ.

ദേവകി:— ഊം? അതെന്താ?

വക്കീല്‍:— ഇനിയത്തെ ഞായറാഴ്ച മുന്‍സിപ്പിനും ബാര്‍അസോസ്യേഷന്‍ മെമ്പ്രന്മാക്കും ഒരു പാര്‍ട്ടി കൊടുക്കണംന്ന് നിര്‍ക്ക്ണ്ണ്ട്. അവരടെ ഭാര്യമാരൊക്കെ വരുമ്പോ ഇവടെല്ല്യാച്ചാ പോരായ്യാണ്.

ദേവകി:— അത് പിന്നത്തെ ഞായറാഴ്ച മതി. അടിയന്തരൊന്നല്ലല്ലോ: പ്രചരണം നീട്ടാന്‍ നിവൃത്തില്ല്യ. മുന്‍കൂട്ടി പ്രോഗ്രാം ഇട്ടതല്ലേ?

വക്കീൽ:— നീട്ടാൻ നിവൃത്തില്ല്യാച്ചാ നടത്തിക്കോട്ടേ. ബ്ാച്ചിലൊരാളില്ല്യാത്തോണ്ട് ്നടക്കാണ്ടെ ഒന്നും വരില്ല്യ.

ദേവകി:— ഞാൻ ചെന്നോളാന്നൊറു പറഞ്ഞിട്ട്ണ്ട്. ഇനി പോവ്വ്ാണ്ടിരിക്കണത് ശര്യല്ല്യ.

വക്കീൽ:— (ആലോചിച്ച്) പിന്നെ, അതിനും പുറമെ മററന്നാ മുതൽ ദെഹണ്ണക്കാരനോട് താമസം വേണ്ടാന്ന് പറഞ്ഞിട്ട്ണ്ട്.

ദേവകി:— (ഞെട്ടി, വിഷാദകലുഷയായി) അതെന്തിനേ?

വക്കീൽ:— കൊറച്ചു സായി നിരീക്ക്ണു, ദെഹണ്ണക്കാരൻ ഇല്ല്യാണ്ടെ കഴ്യേണംന്ന്. പണിയെടുത്ത് ജീവിക്കണംന്നും ജീവിക്കാൻ എന്ത് പണീം എടുക്കാന്നുമല്ലേ ഇ. യം. എസ്സ്. പറയാറ്? അത് വളരെ ശര്യാ.

ദേവകി:— (ആലോചിച്ച്) പത്തുമണിക്കുളള കലാക്കാനും കുട്ട്യേളടെ വരണോക്കൊക്കെ കാപ്പീണ്ടാക്കി ക്കൊടുക്കാനും ഒന്നും എന്നെക്കൊണ്ടാവില്ല്യ.

വക്കീൽ:— ഒന്നും അറിഞ്ഞുകൂടാഞ്ഞിട്ടാ ഈ ആവില്ല്യാന്നൊക്കെ പറേണ്. അവനോൻെറ കടമ എന്താന്ന്ളളത് ആദ്യം മനസ്സിലാക്ക്ാ. സ്ത്രീകള് പ്രസവൊക്കെ ഉപേക്ഷിച്ച് ഭർത്താക്കന്മാരെ ഒക്കെ വേണ്ടാച്ച് അങ്ങട് പോയ്യാലോ? എങ്ങനെയാ ഈ ലോകം നടക്ക്ാ! കരുവാന്മാര് ഇരിമ്പു പണിക്കൊന്നും തയാറില്ല്യ_കേമാവില്ല്യേ? വെളുത്തേടന്മാര് അലക്കാൻ ഭാവല്ല്യ എന്താ

കഥ? എത്ര ബുദ്ധിമുട്ടുണ്ടാവും? ഒന്നാലറിയാണ്ടല്ലോ'പ ണ്ടള്ളോര് ഓരോരുത്തക്ക് ഓരോ ജോലീന്ന് വെച്ചിട്ടു ള്ളത്.

ദേവകി:— ഞാൻ ഇവടേള്ളപ്പൊ കഴിമ്പോലെ ഒക്കെ ചെയ്യാം. ദേഹണ്ണത്തിനാളില്യാച്ച് സമുദായ പ്രവൃത്തനം വേണ്ടാന്ന് വെയ്ക്കാനൊന്നും ഞാനൊരുക്ക ല്യാ. നാളെ മുതൽ ഒരാഴ്ചക്ക് ഞാനേതായാലും ഇവടേ ണ്ടാവില്യ.

വക്കീൽ:— ഒരാഴ്ചയ്ക്കൊക്ക്യായിട്ട് ദെഹണ്ണത്തിനൊ രാളെ കിട്ടാൻ തന്നെ പ്രയാസം. വാല്യേക്കാരനെക്കൊ ണ്ടോ പെണ്ണിനേക്കൊണ്ടോ ററ കഴിച്ചുകൂട്ടിക്കളെയാംന്ന് ച്ചാ അതിനും മനസ്സ് വര്ണില്യ. ദേയിട്ടുള്ള പലരും കക്ഷ്യോളാണ്. എടക്ക് വരേം താമസിക്കേം ണ്ടാ യീന്ന് വരും.

ദേവകി:— ചുരുക്കത്തിൽ ഞാൻ മററെല്ലാം വേ ണ്ടാച്ച് അടുക്കളക്കാര്യാവണംന്നാ വന്നുകൂടണ്, അല്ലേ?

വക്കീൽ:— കമ്പനികളിൽ പണീടുക്കണതും ബീ ഡിതെരയ്ക്കണതും ഒക്കെ അഭിമാനകരാണെങ്കിൽ അടു ക്കളപ്പണിക്കെന്താ ഒരു കൊറവ്? വാർദ്ധാമഹിളാശ്രമ ത്തിലും ഒക്കെ വെപ്പുപണിയല്ലാ, മുററടീം തോട്ടിപ്പണീം കൂടി വിദ്യാത്ഥിനികളാ. ചോദിച്ചുനോക്കൂ, ദേവകീ നരിക്കാട്ടിരിയോട്. 'ഡിഗ്നിററി ഓഫ് ലേബറ്' ശരിക്ക് മനസ്സിലാക്കണേയ്. പിന്നെ, നിങ്ങടെ താഴിൽ കേന്ദ്രം തന്നെടുക്കൂ: ഈ വക പണിക്കൊക്കെ ശമ്പള

ക്കാരുണ്ടോ, അവടെ? മറെറവടെ ആയാലും എന്തു പണീം ആവാം, അവനോൻേറാടെ ആയാ ഒന്നും വയ്യ —അങ്ങനേണ്ടോ? 'ചാരിററി ബിഗിൻസ് അററാം.' രാവിലെ കടലാസ് നോക്ക്ാ, പതിനൊന്നു മണിക്ക് കോടതീപ്പോവ്വ്ാ, വൈന്നേരം ക്ലബ്ബിൽ പോയി മുൻസീപ്പൊന്നിച്ച് ചതുരംഗം വെക്ക്ാ—ഇതൊന്നുല്യാച്ചാ ഇവടത്തെ ഈ പണിയൊന്നും എനിക്കൊരു വെഷമമായി തോന്നിണില്യാ. (ദേവകി തക്ക സമാധാനം കാണാതെ ആലോചിച്ചു നില്ക്കുന്നു. വക്കീൽ വാച്ചുനോക്കി എഴുന്നേററ്) ഓ, നേരം മണി ഉരഞ്ചായി. ആ വാക്കിങ്ങ് സ്റ്റിക്കും വേഷ്ടീം ഇങ്ങട്ടെടുക്കു. മുൻസീപ്പ് ഇപ്പൊത്തന്നെ മുഷിഞ്ഞിട്ടുണ്ടാവും.

(കട്ടൻ)

രംഗം: ഏഴ്.

സ്ഥലം: ദേവകിയുടെ മുറി. സമയം: പകൽ മൂന്നരമണി.

[ദേവകി നിരുത്സാഹഭാവത്തിൽ ഒരു പുസ്തകം നോക്കിയിരിക്കുന്നു. യാത്രോചിതവേഷത്തിൽ പാർവ്വതി പ്രവേശിക്കുന്നു.]

ദേവകി:— വരൂ, പാർവ്വതി, വരൂ. ഇരിക്കൂ. ഷൊറണ്ണൂക്ക് പോവാൻ പൊറപ്പെട്ടുവര്ായോ?

പാർവ്വതി:— (ദേവകിയുടെ മുഖത്തു കണ്ണോനാട്ട്) ഉവ്വ്. ഇന്നെന്താ, ദേവകിയ്ക്കു മുഖത്തിനൊരു വാട്ടം?

ദേവകി:— സാരല്യാ, നമുക്ക് കാപ്പികുടിക്ക്യാ. (കൂജാവിൽനിന്നു കാപ്പി രണ്ടു ഗ്ലാസിൽ പകരുന്നു, രണ്ടാളും കുടിക്കുന്നു) ഷൊറണ്ണൂക്ക് പോരാൻ എനിക്ക് സൌകര്യല്ല്യാണ്ടെയാ വന്നിട്ടുള്ളത്.

പാർവ്വതി:— ഉം, അതെന്താ?

ദേവകി:— എന്താന്നോ? ഒന്നാമത് അന്തർജ്ജനസമാജത്തിന്റെ പ്രചരണപരിപാടിയന്നെ സമ്മതല്ല്യ. പിന്നെ അടുത്ത ഞായറാഴ്ച മുൻസിപ്പിനും വക്കീൽമാർക്കും ഒരു പാർട്ടി കൊടുക്കണംന്ന് നിരീക്ക്ണ്ണ്ടത്രേ. അതിനൊക്കെ പൊറമെ ദെഹണ്ണക്കാരനേം പിരിച്ചിരിക്കുന്നു.

പാർവ്വതി:— (ആലോചിച്ച്) അപ്പൊ ദേവകിയെ അന്തർജ്ജനസമാജം പ്രവർത്തനങ്ങളിൽ നിന്നകററി തനി അടുക്കളക്കാര്യാക്കാൻ ഉള്ള ശ്രമാ, അല്ലേ?

ദേവകി:— പറഞ്ഞതതല്ല. പണിയെടുത്ത് ജീവിക്കാന്ന്ള്ളാദർശപ്രകാരം ദെഹണ്ണക്കാരനെ പാർപ്പിക്കണത് തെററാണത്രേ. മഹിളാശ്രമത്തിലും തൊഴിൽകേന്ദ്രത്തിലും ഒക്കെ എല്ലാ പണീം വിദ്യാർത്ഥിനികളാ നടത്തണത് എന്നൊക്കെയാ വാദം.

പാർവ്വതി:— അമ്പ! വക്കീലിന്റെ വക്രബുദ്ധി! ദേവകി പ്രചരണയാത്രക്ക് പോരരുത്—അത് മാത്രാണ് അദ്ദേഹത്തിന്റെ ഉദ്ദേശം: വിരുന്നുസൽക്കാരോം, തൊഴിൽജീവിതാദർശോം പറഞ്ഞ് വെപ്പുകാരനെ പിരിക്കലുമൊക്കെ അത് സാധിക്കാൻ ഉള്ള സൂത്രങ്ങളാ. പണിയെടുത്ത് ജീവിക്കണെന്നും ജീവിക്കാൻ വേണ്ടി എന്തു പണീം എടുക്കാനും അദ്ദേഹം പ്രസംഗിക്കുമ്പോളാ എനിക്ക് ചിരിവരണത്. വൈന്നേരത്തെ ക്ലബ്ബിൽപോക്കും ശീട്ടുകളീം കാരംകളീം ചതുരംഗംവെക്കലും അദ്ദേഹം വേണ്ടെന്ന് വെയ്ക്കട്ടെ; എന്നിട്ട് ഇവടെവന്ന് അത്താഴം തയാറാക്കട്ടെ—അതിനൊരുക്കണ്ടോ, അദ്ദേഹം? എന്തിനാ? സ്വന്തം ഷൂസ്സ് തൊടക്കാൻകൂടി വാല്യക്കാരൻ വേണ്ടേ?

ദേവകി:— ഇത്ര മനസ്സിലാക്കാൻ എനിക്കപ്പൊ കഴിഞ്ഞില്ല്യ. പാർവ്വതി പറഞ്ഞപ്പൊ വളരെ ശര്യാന്ന് തോന്ന്ണ്ണ്ട്. സൂത്രൊക്കെ മററുള്ളോർക്ക് മനസ്സിലായീന്ന് ഒന്നറീക്കണം. ഒത്രസംനോക്ക് നേരിട്ടന്നെ സംസാരിക്കണം. പാർവ്വതീംകൂടീണ്ടാവണം. എന്നാലേ ശര്യാവൂ.

പാൎവ്വതി:— എനിക്ക് മടിയൊന്നുല്യ. പറഞ്ഞൊടങ്ങ്യാ ഞാൻ നല്ലോണം തൊറന്ന് പറയും.

ദേവകി:— അതേ, തൊറന്നു പറേണ്ട്യാ വേണ്ടത്.

പാൎവ്വതി:— ആ: ദേവകി, അന്ന് തൊഴിൽകേന്ദ്രത്തിലേക്ക് നൂറുറുപ്പിക വാഗ്ദത്തം ചെയ്തില്ല്യേ? അതിപ്പൊ കിട്ട്യാ തരക്കേടില്ല്യാന്ന് സിക്രട്ടറി എഴുതീട്ടുണ്ട്.

ദേവകി:— ഓ. അതാവാം. (വാച്ച്നോക്കി) കോടതീന്ന് വരാറായി. വന്നാ അപ്പൊ വാങ്ങിത്തരാം.

പാൎവ്വതി:— എന്നാ അപ്പോളക്കും ഞാൻ പോയി പ്രചരണയാത്രക്കാരടെ ക്യാമ്പ് ശരിപ്പെടുത്തി വരട്ടെ.

(പാൎവ്വതി പോകുന്നു. ദേവകി ചിന്താകുലയായി, ഉള്ളിലൂടെ പാഞ്ഞു പോകുന്ന നൂറായിരം മനോരാജ്യങ്ങളോടുകൂടി, സ്തബ്ധയായിരിക്കുന്നു. രണ്ടു മിനിട്ട് കഴിഞ്ഞ് വക്കീൽ പ്രവേശിക്കുന്നു. കോട്ടഴിച്ച് സ്റ്റാൻഡിന്മേൽ തൂക്കുന്നു. കാപ്പി കഴിക്കാനിരിക്കുന്നു)

ദേവകി:— പാൎവ്വതിയെ കണ്ടോ?

വക്കീൽ:— ഓ, പടിക്കൽവെച്ച് കണ്ടു. എന്തിനേ എഴുന്നള്ളേത്ത്യന്ന്?

ദേവകി:— ഞങ്ങക്ക് പല കാൎയ്യങ്ങളുണ്ടാവും, ആലോചിക്കാനും പറയാനും. അതൊക്കെറിഞ്ഞിട്ടിപ്പെന്താ വേണ്ട്?

വക്കീൽ:— അങ്ങനെയൊന്നും വേണ്ടീട്ടല്ല്യ. പുതുതായിട്ടെന്തൊക്കയാ ഇഞ്ചക്ട് ചെയ്ത് കേറ്റ്യേക്കുണത്ന്നാറ്യാലോന്ന് നിരീച്ചു.

ദേവകി:— പാർവ്വതി ഇവടെ വരണേനെന്താ ദു വിരോധം? ഓരോ കള്ളക്കേസ്സും കൊണ്ട് എത്ര മുഷ് പ്പന്മാരാ വന്ന് ബോറാക്കാറ്? അതിനൊക്കെ ഞാൻ വല്ലതും പറയാറുണ്ടോ?

വക്കീൽ:— രണ്ടും ഒരുപോലെയാ?

ദേവകി:— ഊം, എന്താ വ്യത്യാസം? ഞാൻ ഒരു വ്യത്യാസോം കാണിണില്ല്യ. (കുറച്ചു കാപ്പി കുടിക്കുന്നു) പിന്നേയ്, ഞാൻ തൊഴിൽകേന്ദ്രത്തിന് നൂറുറുപ്പിക സംഭാവന ചെയ്യാന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്. അതിപ്പൊ കൊടുക്കണം.

വക്കീൽ:— നൂറുറുപ്പികയോ? അതും തൊഴിൽ കേന്ദ്രത്തിനും! ഒന്ന് തൊറന്നങ്ങട്ട് പറഞ്ഞേക്കാം: കേന്ദ്രത്തിന് കൊടുക്കാൻ അരക്കാശ് ഞാൻ തരില്ല്യാ.

ദേവകി:— ഞാൻ പറഞ്ഞിട്ട് രശീതി എഴുതിത്തരേംകൂടി കഴിഞ്ഞു. ഇനി കൊടുക്കാണ്ടിരിക്കാൻ വയ്യ.

വക്കീൽ:— എവടെയാ രശീതി? കാണട്ടെ.

ദേവകി:— ഇദാ, കണ്ടോളു. (രശീതി കൊടുക്കുന്നു)

വക്കീൽ:— രശീതി കിട്ടീലേ, ഇനി എന്തിനാ ഉറുപ്പിക?

ദേവകി:— എന്തിനാന്ന് ചോയ്ച്ചാലോ! രശീതി എഴുതിയാൽ പണം കൊടുക്കണ്ടേ?

വക്കീൽ:— പണം കൊടുക്കാണ്ടെ രശീതി കിട്ട്വോ?

ദേവകി:— അങ്ങനെയായാപററില്ല്യ. കൊടുക്കുംന്നുള്ള വിശ്വാസംകൊണ്ടല്ലേ രശീതി തന്നത്?

വക്കീല്:— അതോണ്ട് വൈഷമ്യോന്നൂല്യ. ഇതൊക്കെ പിടിപ്പിക്കലാണ്. രശീതി ക്യാൻസില് ചെയ്താ മതി.

ദേവകി:— അപ്പൊ എന്റെ വാക്കിന് ഒരു വെലേല്യാന്നോ?

വക്കീല്:— വാക്കു കൊടുക്കണേന്റെമുമ്പെ ഒന്നു ചോദിച്ചേര്ന്നൂച്ചാൽ ഈ തകരാറൊന്നും വരില്യാന്നു. സംഭാവന ചെയ്യണംച്ചാ വേറെ എത്ര നല്ല സ്ഥാപനങ്ങള്ണ്ട്, ലോകത്തില്? എന്തെല്ലാം വഷളത്തങ്ങളാ തൊഴിൽകേന്ദ്രത്തില് കാട്ടിക്കൂട്ടണ്? ആ "സഖാവിന്റെ പരിവർത്തനം" ഒന്ന് വായ്ച്ചോക്കൂ.

ദേവകി:— ഓതേ തെ. വായിക്കാൻ കിട്ട്യേ ഒരു പുസ്തകം! ആ പതാകക്കാര് എഴുതിക്കൂട്ടിയ തെറിയല്ലേത്?

വക്കീല്:— ആരാ എഴുതിയേന്നല്ല, എന്താ അതിലെഴുതീരിക്കണേന്നാ നോക്കണ്ടത്.

ദേവകി:— കള്ളപ്പേര് വെച്ച് പ്രസിദ്ധപ്പെടത്തണോക്ക് എന്തു കള്ളത്തരാ എഴുതാൻ വയ്യാത്തത്?

വക്കീല്:— എന്തൊക്കെപ്പറഞ്ഞാലും കേന്ദ്രത്തിന് കൊടുക്കാനായിട്ട് ഒന്നും എന്നോടു ചോദിക്കണ്ട.

ദേവകി:— ഞാൻ പിച്ചക്കാര്യേപ്പോലെ എരക്ക്ല്ല. തെണ്ടിത്തിരിഞ്ഞ് ഇവടെ വന്നതും അല്ലാ. പതിനായിരം ഉറുപ്പിക സ്ത്രീധനം വാങ്ങി കൊണ്ടോന്നോളാ. അത് മറന്നോ?

വക്കീൽ:— എന്ത്വെച്ചിട്ട്? അതൊക്കെ തുമ്പില്ല്യാണ്ടെ നശിപ്പിക്കാൻള്ളതാന്നാ വിചാരം? അറിയോ, അതു ബ്രഹ്മസ്വം സ്വത്താ.

ദേവകി:— അമ്മൂൻെറ സ്വകാര്യസ്വത്തിൽനിന്നെനിക്ക് കിട്ടിയ അയ്യായിരം ഉറുപ്പിക കയ്യിലില്യേ? അതിൽന്ന് തന്നാമതി.

വക്കീൽ:— എൻെറ കയ്യില് വന്നാ സ്വകാര്യോം ബ്രഹ്മസ്വോം ഒക്കെ ഒന്നായി. അതിൽനിന്ന് ഒന്നൊട്ടു തരാനും ഭാവല്യ. ഈ വക ദുർവ്വാദങ്ങളും വെറുംപിടുത്തങ്ങളുംക്കെ ആ പാർവ്വതീടെ കയ്യിൽന്ന് പഠിച്ചതാ. അതിനേങ്ങട്ട് കാണട്ടെ. അസാരം പറ്യാൻ ഭാവണ്ട്.

(പാർവ്വതി പ്രവേശിക്കുന്നു. വക്കീൽ അന്ധാളിക്കുന്നു)

പാർവ്വതി:— ഉം. എന്താ നമ്പൂരി പറാൻള്ളത്? ഞാൻ കേക്കാൻ തയ്യാറാ.

വക്കീൽ:— എടക്കെടക്ക് വന്ന് ഇവടേള്ളോരെ പറഞ്ഞു കേററി തുമ്പില്ല്യാണ്ടാക്കണത് എനിക്ക് സമ്മതല്ല്യ. എൻെറ ഭാര്യേ പരിഷ്ക്കരിക്കാൻ നിങ്ങടേം നിങ്ങടെ സമാജത്തിൻേറം സഹായൊന്നും വേണ്ടാനും. അതൊക്കെ ഇവടെ കഴിച്ചോളും.

പാർവ്വതി:— നമ്പൂരി എന്തിനാ ഇത്ര്യൊക്കെ വഠിച്ചത്? നമ്പൂര്യോന്ന് മനസ്സിലാക്കണം: നമ്പൂര്യേപ്പോലെ പരിഷ്ക്കാരത്തിൻെറ പൊതപ്പിട്ട ചില ചിന്തിരിപ്പന്മാരുണ്ട്. അവര് ഭാര്യമാരെ മർദ്ദിക്കണതുകൂടി പുതിയ ആദർശങ്ങളുടെ പേരിലാ. ഇങ്ങനെ മർദ്ദനം അനുഭവിക്കണ സഹോദരിമാരെ സഹായിക്കാന്ള്ളതാ ഞ

കേരളസാഹിത്യ അക്കാദമി

ങ്ങടെ സമാജത്തിന്റെ ഇന്നത്തെ പരിപാടി. അതനുസരിച്ച് ഞാൻ പ്രവൎത്തിക്കും. ഇവടെ വരണത് ഇഷ്ടല്യേ? ഞാൻ വരിണില്യ. പൊറത്തുനിന്നും ഫലപ്രദായി പ്രവൎത്തിക്കാനാവ്വ്വാം, എനിക്ക്.

വക്കീൽ:— മതി മതി, പ്രസംഗം. ഭാൎയ്യാഭൎത്താക്കന്മാര് യോജിച്ച് കഴിയ്യണത് കണ്ടാ കണ്ണുകടിയാ. പിന്നെ അനുസരണക്കേടും ധിക്കാരോം ഊതിക്കേററായി. ഇങ്ങനെ സ്ത്രീകളെ ചതിക്കലല്ലേ നിങ്ങടെ പ്രവൃത്തി?

പാൎവ്വതി:— സൂക്ഷിച്ചു സംസാരിക്കണം: ആരാ സ്ത്രീകളെ പറഞ്ഞ് ചതിക്കണത്? ഞങ്ങളോ, നിങ്ങളോ? തൊഴിൽ ജീവിതത്തിന്റേം സ്വാശ്രയശീലത്തിന്റേം ആദൎശം പറഞ്ഞ് നമ്പൂരി വെപ്പുകാരനെ പിരിച്ചയച്ചു. എന്തിനാത്? ദേവകി സമുദായസേവനം ചെയ്യണത് തടയാൻ, അല്ലേ? സാമുദായിക സമ്മേളനങ്ങൾക്കും പ്രഹസനങ്ങൾക്കും പോണത് അന്തസ്സിന്റേം ആഢ്യസംസ്കാരത്തിന്റേം പേരില് നമ്പൂരി തടഞ്ഞു. എന്തിനാത്? ദേവകിയെ വെറും അടുക്കളക്കാരിയാക്കാൻ, അടിമയാക്കി വെക്കാൻ, അല്ലേ? വ്യക്തിത്വത്തിന്റേം തറവാടിത്തത്തിന്റേം പേരില് നമ്പൂരി ദേവകിയെ അകത്ത്ള്ളാളാക്കി. എന്തിനാത്? ചുററുപാടും നടക്കണത് ദേവകി കണ്ടറിഞ്ഞെങ്കിലോ എന്നുള്ള പേടികൊണ്ട്. അല്ലേ? പാവ്യ നമ്പൂരീ, ഈ കള്ളത്തരൊന്നും ആരും മനസ്സിലാക്കില്യാന്ന് നിരീച്ചോ? അന്തൎജ്ജനങ്ങള് പണിയെടുക്കണം. അതിനവര് തയാറുണ്ട്. പക്ഷേ, അടിമകളായിട്ടല്ല്യ, തികച്ചും സ്വതന്ത്രകളായിട്ട്.

വക്കീൽ:— സ്വാതന്ത്ര്യകളാവുണു! എന്നേക്കൊണ്ടധികം പറേപ്പിക്കണ്ട. അതാ ഭേദം.

പാർവ്വതി:— ഉൗം. പറയാം, എത്രെങ്കിലും പറയാം. പറഞ്ഞാ പേടിക്കത്തക്ക ഭീരുത്വൊന്നും എനിക്കില്ല്യ. പറയൂ, ഞാനൊന്നു കേക്കട്ടെ. (വക്കീൽ മിണ്ടാതിരിക്കുന്നു) എന്താ? പറ്ാൻ ഭാവല്ല്യേ? എന്നാ ഞാൻ പോണു. (പോവാൻ തുടങ്ങുന്നു)

ദേവകി:— വരട്ടെ. പാർവ്വതീ, നില്ക്കൂ. (വക്കീലിനോട്) ഞാൻ ചോയ്ച്ച നൂറുറുപ്പിക ഇപ്പൊ തരണം. പാർവ്വതീടെ കയ്യിൽക്കൊടുത്തയക്കണം.

വക്കീൽ:— തരില്ല്യ.

ദേവകി:— എന്താ തരില്ല്യാന്ന്? നൂറുറുപ്പികല്ലേ ഞാൻ ചോയ്ച്ചുള്ളൂ.

വക്കീൽ:— എത്ര ഉറുപ്പിക്ായാലും ഞാൻ തരില്ല്യ.

ദേവകി:— കഷ്ടം ണ്ട്, ട്ട്വോ. എന്തൊക്ക്യായാലും ഞാൻ കൊടുക്കാന്ന് പറഞ്ഞ് പോയില്ല്യേ. ഇനി ഞാനത് കൊടുക്കട്ടെ. ഉൗം തരൂ.

വക്കീൽ:— (ദ്വേഷ്യത്തോടെ) തരില്ല്യാന്ന് പറഞ്ഞില്ല്യേ? പിന്നെന്തിനാ ചോദിയ്ക്കണത്?

ദേവകി:— ഞാൻ പിന്നെ ആരോടാ ചോയ്ക്കണ്? എനിക്ക് വേറെയാരാള്ളത് ചോയ്ക്കാൻ? ഒരു നൂറുറുപ്പിക തന്നേയ്ക്കൂ, എനിക്ക്? (തൊണ്ടയിടറുന്നു)

വക്കീൽ:— ഇനി മിണ്ടരുത്. ഒരൊററ പൈ തരില്ല്യാ ഞാൻ.

ദേവകി:— തീച്ച്യായോ തരില്യാന്ന്?

വക്കീൽ:— ഉവ്വ്, തീച്ച്യായി.

ദേവകി:— (സവ്യസനം) കഷ്ടം ഇത്ര സ്നേഹല്ല്യേ എന്നെ? എന്നെ സ്നേഹണ്ടെങ്കി തരൂട്ടോ.

വക്കീൽ:— ത....രി....ല്യാ..

ദേവകി:— (കണ്ണീരിലാറാടിക്കൊണ്ട്) ഇദാ പാവ്വതീ, എന്റെ സംഭാവന. (ചെയിനൂരിക്കൊടുക്കുന്നു പാവ്വതി വാങ്ങുന്നു)

വക്കീൽ:— എന്ത്!

പാവ്വതി:— ഒന്നൂല്യ. ഇതാണ് ഞങ്ങളുടെ സ്ഥാപനത്തിന്റെ ഉദ്ദേശശുദ്ധിക്കുള്ള ഉദാഹരണം. നൂറുറുപ്പിക ഞങ്ങൾക്ക് കിട്ടണത് നമ്പൂരി മൊടക്കാൻ നോക്ക്യപ്പോ ഞങ്ങക്ക് കിട്ടീത് അഞ്ഞൂറുറുപ്പിക്യാണ്. ഞാനിപ്പൊ പോട്ടെ, ദേവകി. ഒരാഴ്ച കഴിഞ്ഞ് കാണാം. (പോകാൻ തുടങ്ങുന്നു)

വക്കീൽ:— ആ ചെയിൻ കൊണ്ടുപോവാൻ ലീഗലായിട്ട് നിങ്ങൾക്കധികാരല്യ, ഞാനാക്ഷേപ്പിക്കും.

പാവ്വതി:— അതിന് സമാധാനം കോട്ടിൽ പറഞ്ഞോളാം.

(പാവ്വതി പോകുന്നു. വക്കീൽ ബ്ളീച്ചായി തല താഴ്ത്തുന്നു.)

(കട്ടൻ)

രംഗം: എട്ട്.

സ്ഥലം: പാർവ്വതിയുടെ ലോഡ്ജ്. സമയം: പകൽ രണ്ടു മണി.

[പാർവ്വതി ചില കത്തുകൾ നോക്കി മറുപടി എഴുതുന്നതിൽ വ്യാപൃതയായിരിക്കുന്നു. ദേവകി വരുന്നു]

പാർവ്വതി:— വരൂ. ദേവകി. ഇരിക്കു.

ദേവകി:— ഉണ്ണാനിരിക്കുമ്പളാ കത്തും കൊണ്ടോള് വന്നത്. എന്താത്ര അടിയന്തരകാര്യം?

പാർവ്വതി:— (ഒരു കത്ത് ദേവകിയുടെ കയ്യിൽ കൊടുത്ത്) ഇത് വായിച്ചുനോക്കു.

ദേവകി:— (കത്തു നോക്കി) ദേവസേനേടെ ഹാൻഡിൻെറ ഛായേണ്ടലോ.

പാർവ്വതി:— ദേവസേനേടെ കത്താത്.

ദേവകി:— (വായിച്ചശേഷം) ഇതൊട്ടും നിരീച്ച്യണ്ടായില്യാ. ദേവസേനേ ഈ ആപത്തിൽനിന്ന് രക്ഷിക്കാൻ നമ്മളങ്ങേ അററം ശ്രമിക്കണം.

പാർവ്വതി:— ദേവസേനേപ്പോലെ പരിഷ്ക്കാരബോധോം തൻേറടോമുള്ള ഒരു കുട്ട്യേ രക്ഷിയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് നമ്മുടെ പ്രസ്ഥാനത്തിനുകൂടി ഒരു പരാജയമാണ്.

ദേവകി:— ഇല്ലത്തുള്ളോരുടെ എതിർപ്പും തടവും വകവെക്കാണ്ടെ പോരാനുള്ള ധൈര്യം ണ്ടാവേരിക്കും ദേവസേനക്ക്.

പാൎവ്വതി:— സിരസിസ്റ്റോ സിദ്ധാപ്പൂക്കോ. കൊട്ടത്താലത്തെ ദുരവസ്ഥേപ്പററി ആലോചിക്കാൻ വേണ്ട തന്റേടം ദേവസേനക്ക്ണ്ട്. ഇല്ലത്ത്ള്ളോരടെ പിടീന്ന് വിട്ടുപോരാൻ വേണ്ട സഹായോം പോന്നാൽ അലഞ്ഞ് നടക്കാണ്ടെ ജീവിക്കാൻ കഴിന്ന്ള്ള വിശ്വാസോം അവൾക്ക് കൊടുക്ക്ാ—അതാണ് നമ്മള് ചെയ്യണ്ടത്. അവളാവശ്യപ്പെട്ടിട്ട്ള്ളതും അതാണ്.

ദേവകി:— ഇല്ലത്ത്ന്ന് രക്ഷപ്പെട്ടുപോന്നാൽ ദേവസേനേ തൊഴിൽകേന്ദ്രത്തിൽ ചേക്കാം. പണിയെടുത്ത് ജീവിക്കാൻ വേണ്ട കഴിവുണ്ടായാൽ പിന്നെ അവള്ക്കും ഒരു ഭാരാവില്യ. അവളെ കൊണ്ടുപോരാൻ നമ്മളുവടെ പോവ്ന്നെവേണം.

പാൎവ്വതി:— അതേ—നമക്ക് നാളെത്തന്നെ പോണം. അതിനാ ദേവകിക്ക് ഞാനടിയന്തരായി ആളെ അയച്ചത്. രാവിലെത്തന്ന്യാ നല്ലത്. ഒരു കാറും കൊണ്ടു പോവാം.

ദേവകി:— ഞാനെട്ടുമണിക്ക് തയാറായി ഇപടെ വരാം.

പാൎവ്വതി:— വക്കീൽ വല്ല തടസ്ഥാക്കെ പറഞ്ഞൂന്ന് വരും.

ദേവകി:— ആ, അത് ഞാനും നിരീശ്ശായേല്യ. ദേവസേനേ ആപത്ത്ന്ന് രക്ഷിയ്ക്ക്ാന്ന്ള്ളത് നമ്മടെ ഒഴിക്കാൻവയ്യാത്ത കൎത്തവ്യാണ്. അത് നിറവേററാന്ള്ള സ്വാതന്ത്ര്യത്തിന്വേണ്ടി എന്ത് ത്യാഗം ചെയ്യാനും ഞാൻ തയാറാണ്. പിന്നെ, ഒരു കാൎയ്യണ്ട് പാ

വ്വതീ: എത്ര പണക്കാരനായാലും ശരി കാമദേവനായാലും ശരി, അയാളുടെ അടിമയായിട്ട് ജീവിക്കാനുള്ളത് എനിക്ക് സാദ്ധ്യമല്ല—അത് തീച്ചാണ്. അധികം നിബ്ബന്ധിച്ചാ തറവാടിനേം വക്കീലിനേം വിട്ട് ഞാനെൻെറ സ്വാതന്ത്ര്യാം കൊണ്ടുപോരും.

പാവ്വതി:— ഭത്താക്കന്മാരിൽനിന്ന് ഭാര്യമാര് അകന്നു പോരാനുള്ളതല്ല നമ്മടെ ആദശം; സമനിലയിൽ സ്വാതന്ത്ര്യത്തോടെ അവരൊന്നിച്ച് ജീവിക്കേണ്ടതാണ്. ഒരു നിവൃത്തീണ്ടെങ്കിൽ അന്യോന്യം യോജിക്കാൻ നോക്കണം. തീരെ സാദ്ധ്യല്ലാച്ചാ അവസാനക്കയ്യ് പ്രയോഗിക്കേം വേണം. ഭത്താവിനെ ഉപേക്ഷിച്ചുപോന്നാലത്തെ ഭവിഷ്യത്തു നല്ലോണം ആലോചിച്ചേ പ്രവത്തിക്കാവൂ. പോന്നട്ട് പിന്നെ പശ്ചാത്തപിക്കാൻ എടവരുത്തരുത്. അത് നല്ലോണം ഒറച്ചിട്ട്വേണം. അടിമത്തത്തിൽനിന്ന് രക്ഷനേടാൻ എന്തുതന്നെ സാഹസം പ്രവത്തിച്ചാലും അധികാവില്യ. ഗുണദോഷങ്ങളാലോചിച്ച് വേണന്നേള്ളു.

ദേവകി:— ഇതിൻെറ അത്ഥം ഞാൻ നല്ലോണം മനസ്സിലാക്കുണ്ണ്ണ്ട്. കുറച്ചുകാലായിട്ട് എന്നെ ഇരുത്തി ചിന്തിപ്പിക്കാറുള്ളതാണ് ഈ വിഷയം. അതിൻെറ അവസാനം നാളെ കാലത്ത് അറിയാം. എങ്ങിനെ ആയാലും കാലത്ത് എട്ടുമണിക്ക് ഞാനിവടെ ഹാജരുണ്ട്.

(കട്ടൻ)

രംഗം: രണ്ട്.

സ്ഥലം: വക്കീലിന്റെ മുറി. സമയം: രാവിലെ ഏഴു മണി.

[നിഃശാചിന്താവേശനായി വക്കീൽ കസേലയിലിരുന്നു കാപ്പികുടിക്കുന്നു. ദേവകി കുളിച്ചു" സാരിയുടുത്ത്" യാത്രാവേഷത്തിൽ പ്രവേശിച്ചു കാപ്പികുടിക്കുന്നു]

വക്കീൽ:— ഇന്നെന്താ വല്ല് യാത്ര്യേണ്ടോ?

ദേവകി:— അന്തർജ്ജനസമാജംവകായി ഒരു ദിക്കിൽ പോവാൻണ്ട്.

വക്കീൽ:— എങ്ങട്ടാ? കേക്കട്ടെ.

ദേവകി:— അകലയ്യൊന്നല്ല. വൈന്നേരം വരും.

വക്കീൽ:— എങ്ങട്ടാന്നും എന്താ കാര്യന്നും പറയ്യാ—അറിയണലോ.

ദേവകി:— നിങ്ങൾക്കറ്യേണ്ട കാര്യൊന്നല്ല.

വക്കീൽ:— അങ്ങനെയായാപറ്റില്ല്യലോ. തോന്നുമ്പോ തോന്ന്യവഴിക്ക് പോവേ, എങ്ങട്ടാന്നും എന്തിനാന്നും ഒന്നും പറയാണ്ടേ?

ദേവകി:— ഇന്ന കാര്യത്തിനാന്ന് പറഞ്ഞാ അപ്പതിന് സമ്മതണ്ടാവില്ല്യ—അത് നിരീച്ചിട്ടാ പറയാണ്ടിരിക്കുണത്.

വക്കീൽ:— വേണ്ടകാര്യാച്ചാ വിരോധൊന്നും പറേല്യ. മുൻസിപ്പിന്റെ വീട്ടിലേക്കോ സമൂഹംമഠത്തില് ഭക്തിപ്രസംഗം കേൾക്കാനോ—ഇല്ല്യേ, അങ്ങനേള്ള നല്ല കാര്യങ്ങൾക്കാച്ചാ ഞാനൊന്നും പറേല്യ, പറയാറേല്യ.

ദേവകി:— അങ്ങടൊന്നല്ല. അമരത്താട്ടക്ക് പോണ്.

വക്കീൽ:— ഉം, എന്തിനാത്?

ദേവകി:— അവിടത്തെ ദേവസേനേ സിരസിക്കോ സിദ്ധാപ്പൂക്കോററ വില്ക്കാൻ നിശ്ചയിച്ചടക്കണൂത്രേ. വേഗം ചെന്ന് രക്ഷിക്കണെന്ന് ദേവസേന എഴുതീട്ടുണ്ട്.

വക്കീൽ:— അതിനിപ്പൊ നമ്മളെന്താ ചെയ്യ്വാ?

ദേവകി:— പോയി രക്ഷപ്പെടുത്തണം, അതന്നെ.

വക്കീൽ:— സിരസിക്കോ സിദ്ധാപ്പൂക്കോ കൊടുക്കണത് ശര്യാന്നല്ല; ആ കുട്ടീടപ്പൻ കൊടുക്കാനും ഒരാൾ വേക്കാനും ഒറച്ചാപ്പിന്നെ രക്ഷപ്പെടുത്ത്വാന്ള്ളതൊക്കെ ഇത്തിരി വെഷമാണ്. ലീഗലായിട്ടന്നെ പലേ കൊഴപ്പോണ്ട്.

ദേവകി: —കൊഴപ്പുണ്ടായാലും ശരി, ഉണ്ടായില്ല്യെങ്കിലും ശരി, ദേവസേനേ രക്ഷിയ്ക്കാൻ ഞങ്ങള് അങ്ങേഅററം ശ്രമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വക്കീൽ—: ഞങ്ങൾച്ചാൽ, പിന്നെ ആരാ? ആ പാർവ്വതിയാവും, അല്ലേ?

ദേവകി:— അതേ, പാർവ്വത്യന്നെ.

വക്കീൽ:— ശ്രമിക്കുംന്നങ്ങട് തീരുമാനിച്ചോണ്ടായ്യോ? എന്താ ശ്രമിക്ക്വാ? അതിന്റോല്യാ, ല്വോ?

ദേവകി:— ഞങ്ങളവ്ടെച്ചെന്ന് ദേവസേനേ കൂട്ടി കൊണ്ട്പോരും. അത്രതന്നെ.

വക്കീൽ:— നിങ്ങളങ്ങട് ചെന്ന്പറഞ്ഞാൽ കൂടേങ്ങട് പോരാൻ അതിനെന്താ ഭ്രാന്താണോ?

ദേവകി:— ഭ്രാന്തല്ല. അതോണ്ടന്ന്യാ ഞങ്ങൾക്കൊറപ്പ്. സ്വതേള്ള ബുദ്ധീണ്ടെങ്കിൽ ദേവസേന ഞങ്ങളൊന്നിച്ച് പോരും.

വക്കീൽ:— പോരുംന്നന്നെ വെക്ക്വാ, എന്നാലോ? എവടെയാ അതിനെ പാർപ്പിക്ക്വാ, ആരാ ചെലവ് നടത്ത്വാ–അങ്ങനെ പലതുണ്ട് മേപ്പട്ടാലോചിക്കാൻ.

ദേവകി:— അതിനെപ്പറ്റി ഞങ്ങളാലോചിച്ചിട്ട്ണ്ട്. വെഷമൊന്ന്വണ്ടാവില്യ. തൊഴിൽകേന്ദ്രത്തിൽ താമസിപ്പിക്കാം.

വക്കീൽ:— ഇല്ലത്തുള്ളോരടെ സമ്മതല്ല്യാണ്ടെ ഒരു പെൺകിടാവിനെ ദുർബ്ബോധനംചെയ്തുകൊണ്ടുപോന്നുന്നൊക്കെ കേസ്സാവാൻ വഴീണ്ട്. ഇവടത്തെ സ്ഥിതിക്ക് അതൊക്കെ പോരായ്ക. ആ പാർവ്വതിയെപ്പോലേള്ളോക്ക്ന്ന്യാ അതു പാകം.

ദേവകി:— ഒരു സാധുക്കുട്ട്യേ നരകത്ത്ന്ന് രക്ഷിക്കണത് നിങ്ങൾക്കപമാനാണ്, അല്ലേ? എനിക്കപമാനല്ല, അഭിമാനാ.

വക്കീൽ:— അഭിമാനം! ഒരു പെൺകിടാവിനെപ്പറഞ്ഞ് ചാട്ടമ്മെക്കേററി പെരുവഴീലാക്കണതല്ലേ, നിങ്ങടെ അഭിമാനം? ഒന്നും രൂപല്ല്യാണ്ടെ ഒരൂട്ടം പറ

ഞ്ഞാ മതി. അതിനൊന്നും പൊറപ്പെടണ്ട. അതാ
ണല്ലത്. കേസ്സും കൂട്ടോം ആവശ്യാ ശേഷള്ളോരു വേണലോ
കെട്ടിത്തിരിയാൻ.

ദേവകി:— ഇനി അതൊന്നും പറഞ്ഞട്ടാവശ്യല്ല്യ.
പോവാൻ ഞാനൊറച്ചുകഴിഞ്ഞു. ദേവസേനൊ രക്ഷി
ക്കണതിന്ന് ണ്ടാവണ എല്ലാ ഭവിഷ്യത്തും അനുഭവിക്കാൻ
ഞാൻ തയാറാണ്.

വക്കീൽ:— (ശുണ്ഠിയെടുത്ത്) ആഹാ, എനിക്ക്
സമ്മതല്ല്യാച്ചാലും? അത്രയ്ക്ക്യോ ധിക്കാരം? അതു ത
രാവില്ല്യ.

ദേവകി:— ക്ഷോഭിക്കാണ്ടിരിക്കു. ഞാൻ യാതൊ
രു ധിക്കാരോം പ്രവർത്തിക്കിണ്ണ്ല്യ. എന്റെ മനസ്സാ
ക്ഷിയ്ക്കനുസരിച്ച് ഞാൻ പ്രവർത്തിക്കും. അത് മററുള്ളോ
രടെ ഇഷ്ടത്തിന് ബലികൊടുക്കാൻ ഒരുക്കോല്ല്യ.

വക്കീൽ:— എന്ത്! അത്ര താന്തോന്നിത്തം ഇവ
ടെ തരാവില്ല്യ. ഞാനാ പറയാൻ. പാടില്ല്യാ പോവാൻ.

ദേവകി:— പാടില്ല്യേ? ഒരു കാര്യണ്ട്: നിങ്ങളും
ഞാനും തമ്മിലുള്ള ബന്ധം എന്താന്നറിയ്യോ? ഭാര്യേം
ഭർത്താവും തമ്മിലുള്ള ബന്ധാണ്. അടിമേം യജമാന
നും തമ്മിലുള്ള ബന്ധല്ല. ഇത്രനാളും നിങ്ങള് നേരെ
യാവുംന്ന് നിരീച്ച്, നിങ്ങള് നേരെയായി കണ്ടാൽ
ക്കൊള്ളാമെന്നു മോഹിച്ച്, ഞാനെല്ലാം സഹിച്ചു. ഇനി
നിങ്ങടെ താന്തോന്നിത്തങ്ങള് സഹിക്കാൻ ഞാൻ വി
ചാരിക്കിണ്ണ്ല്യ. എന്റിഷ്ടംപോലെ നടക്കാൻ എനി
ക്കധികാരോം അവകാശോണ്ട്. ഞാൻ പോണു.

വക്കീൽ:— (കൈപിടിച്ച്) ഭ്രാന്തത്തി, പുഷ്യോകേന്ദ്രത്തിലേക്ക് ഏന്റെ സമ്മതല്യാണ്ടെ? ഏന്നാ കാണണല്ലോ, ആ വ്യഭിചാരശാലലക്കളെല്ലാരു പോക്ക്!

ദേവകി:— (പെട്ടെന്ന് കൈ തട്ടിനീക്കി സങ്കടത്തോടും ദേഷ്യത്തോടുംകൂടി) വ്യഭിചാരശാല! ഭ്രാന്തത്തി! ഹൌ? നിങ്ങള് പുരുഷനാണല്ലേ? സ്വാതന്ത്ര്യം പുരുഷന്മാരുടേം അടിമത്തം സ്ത്രീകളുടേം കുത്തകയാണല്ലേ? വ്യഭിചാരശാല! ഭ്രാന്തത്തി! (മൂഞ്ഞൽ ചരട് പൊട്ടിച്ച്) താൻ വ്യഭിചരിക്കാനാവടെ വരുമ്പോൾ ഇതുകൂടി കൊണ്ടുപോരു—(മുഖത്തേക്ക് വലിച്ചെറിഞ്ഞു പോകുന്നു)

(കർട്ടൻ)

അക്കാദമി

രംഗം: പത്ത്.

സ്ഥലം: അമരത്താട്ടെ പൂമുഖം. സമയം: രാവിലെ പത്തുമണി.

[പെൺകൊടയ്ക്കുവേണ്ടി പോയി മടങ്ങിവന്ന അപ്ഫൻ നമ്പൂതിരി യാത്രാവേഷത്തിൽ പ്രവേശിച്ച് പൂമുഖപ്പടിയിന്മേൽ ഇരിക്കുന്നു. മുറുക്കാൻ ഭാവിക്കുന്നു.]

അപ്ഫൻ:— അമ്മേ. അമ്മേല്ല്യേ അകത്ത്? ഈ ഉമ്മറത്തൊന്നും കാണണല്ലോ. (അമ്മ പുറത്തളത്തിലൂടെ പൂമുഖത്തുവന്നു പടിക്കലേക്കൊക്കെ നോക്കിയിട്ട്.)

അമ: അമ്മ:— ആരാ ചെലര് വരണ്? ഞാൻ അകത്തേക്ക് നിക്കണോ?

അപ്ഫൻ:— വേണ്ട. പെണ്ണുങ്ങളാരോ ആണ്. മിസ്റ്റ്റസ്സ്മാരൊറേരിക്കും.

അമ: അമ്മ:— നങ്ങതേ ക്കാണാൻ കൂടെക്കൂടെവരാറ്ണ്ട് രണ്ടാള്ക്ക് (ഇരിക്കുന്നു) സ്ക്കോളിലെഴുതിക്കണോരാത്രേ. (പാർവ്വതിയും ദേവകിയും ഒരു വശത്തൂടെ പ്രവേശിച്ച് മറുഭാഗത്തൂടെ പോകുന്നു) കുളിച്ച് വല്ലോം കഴിച്ചിട്ടല്ലേ അവ്ടന്ന് പോന്നത്, കുട്ടാ?

അപ്ഫൻ:— പോന്നേടത്ത്ന്ന് അതിനൊന്നും സമയം ണ്ടാന്നില്ല്യ. നന്ന നേരത്ത്യേ വണ്ടി. വണ്ടി

എറങ്ങി നോക്ക്യപ്പൊ ബസ്സൊന്നൂല്ല്യ; ഒക്കെ സ്ട്രൈക്കാത്രെ. പിന്നെ കാവില് പോയ് കുളിച്ച് കാപ്പി കഴിച്ചിട്ട് നടന്നു.

അമ: അമ്മ:— സ്ട്രൈക്ക്ച്ചാലോ?

അപ്ഫൻ:— പണീട്ക്കാണ്ടിരിക്ക്ാ.

അമ: അമ്മ:— ബസ്സില് കേറീരുന്ന് ഓടിക്കാൻ പറഞ്ഞാ കൂട്ടാക്കില്ല്യാ, അല്ലേ?

അപ്ഫൻ:— മററന്നാ കാലത്ത് ആയ്നൂണ്ട് കഴിഞ്ഞ് വൈന്നേരം അങ്ങട് പോവ്ാന്നാ വെച്ചിട്ടുള്ളത്. സദ്യോക്കെ വൈന്നേരം മതി. വൈന്നേരായ്യാ വക്കീലന്മാക്കും മജിസ്റ്റ്രേട്ടന്മാക്കും വരാൻ പററുള്ളൂ. ഊണ് കഴിഞ്ഞ് രാത്രിവണ്ടിക്ക് പോവാം, കാറേല്പിച്ചിട്ടിണ്ട്.

അമ: അമ്മ:— അതേതായാലും നന്നായി. എനിക്കിതൊന്ന് പേടിയാവ്ാ: തെക്കാട്ടെയോ ഒരത്തില് വെൺകൊട മൊടക്കാൻ കൊറെ സഭക്കാരും ഇത്രത്തേമ്മാരോളുംകൂടി ചെന്നൂന്നും എന്നിട്ട് പോലീസ്സാര് വന്നിട്ടേ ക്രിയ കഴിപ്പിച്ചേന്നും—ആരേവറഞ്ഞേ— ഇട്ടിച്ചിരുന്യേരിക്കും പെറന്നാളിന് വന്നേപ്പോ.

അപ്ഫൻ:— എനിയ്ക്കൊരു പേടീല്ല്യ. വെറുതേല്ലാ മജിസ്റ്റ്രേട്ടിന്റോക്കെ ക്ഷണിച്ചിട്ടുള്ളത്. ഇവടെവന്ന് ഒരുത്തം തടസ്ഥം കാട്ടേട്ട് പറേ് ചെയ്യ്ാ, സംശോന്നൂല്ല്യ, കാല് തച്ചൊടിക്കും— ആരായ്യാലും വേണ്ടില്ല്യ.

അമ: അമ്മ:— അതൊന്നും കൂടാണ്ടെ കഴിഞ്ഞാ മതിയാന്നു.

അപ്ഫൻ:— മഫളേരാരും വന്നില്ല്യാ വ്വേ്ാ, അമ്മേ?

അമ: അമ്മ:— ഇല്ല്യ. തേതി മററന്നാ ഉച്ചക്കേ വരുന്ന് പറഞ്ഞയച്ചിട്ടിണ്ട്. നങ്ങേമ രാവിലെ വരാന്ന് പറഞ്ഞേതന്നു. ഇന്നാരാണ്ട് പറഞ്ഞു ഇന്നലെ അന്തിക്ക് തിണ്ടാന്ത്രെ.

അപ്ഫൻ:— പൊററമെ ആള്ക്കള് കൊറച്ചൊക്കെണ്ടാവും. സത്ത്യൊക്കെ ഒന്നു റന്നാക്കിത്തീക്കണലോ. ഇവടെയാച്ചാ അമ്മ്ല്ല്യാണ്ടെ ആത്രുല്ല്യാൻം.

അമ: അമ്മ:— എന്നേക്കൊണ്ടതൊന്നപാവില്ല്യേയ്. അടക്കളേ കടന്നാ വല്ലതും തട്ടിമറിക്ക്യോരേറ ണ്ടാവൂ.

അപ്ഫൻ:— ഓടിയാരോട്ടും വാര്ര്യേത്തും കെപ്പറഞ്ഞേട്ടില്ല്യേ?

അമ: അമ്മ:— ഇപ്പൊത്തന്നെ ട്ട്ര്യായോട് പറഞ്ഞേത്ത്ള്ളാം. ഇനി കുളിച്ചപന്നോളൂ. നേരം ശ്ശ്യായി. ഞാൻ ഉണ്ണാനിരിക്ക്യായി. (പോകുന്നു)

അപ്ഫൻ:— പറങ്ങോടാ, പറങ്ങോടൻല്ല്യേവടെ?

പറങ്ങോടൻ:— (അണിയറയിൽ) റാൻ. അമ്മാത്രുന്നാസ്ക്ക്ള്ള ഒൽപ്പെണ്ണ അടുപ്പത്താ.

അപ്ഫൻ:— ആ ശങ്കനെ എല്ലിച്ചട്ടില്ല്യേ തൈരുമ്പന്നു കൊടം?

പറ:— (അണിയറയിൽ) രണ്ടുകൊടേണ്ടാവൂന്നാ വെടോണ്ടത് വെടോണ്ട്.

അപ്ഫൻ:— നന്ന ശ്രോന്നല്ലാണ്ടെ കിട്ടംച്ചാ രണ്ടായാലും കഴിച്ചുകൂട്ടാന്തു.

പാറ: (അണിയറയിൽ) തണ്ണീരൊരു തുള്ളി തൊടീക്കരുത്ന്നും വെലേല്ത്തിരി ഭേദപ്പെടുത്താനും വേടോണ്ടിട്ട്ണ്ട്, വെടോണ്ട്.

അപ്ഫൻ— എരോമൻ എന്താ വരാത്താവോ? കേസ്സ്ണ്ടായോ ഒരു വിവരോല്യ.

(അമ്മ പലകയും കയ്യിൽ പിടിച്ച് പരിഭ്രമിച്ച് വരുന്നു)

അമ: അമ്മ:— ദോക്കു. കുട്ട്യാ, നങ്ങത ഇവരടൊപ്പം ഠാ പോണേ്യ്. ഞാൻ പറഞ്ഞിട്ട് ഒരു കൂട്ടോല്യ.

(പാവ്വതി, ദേവകി, ദേവസേന ഇവർ മറുവശത്തുടെ പ്രവേശിക്കുന്നു)

അപ്ഫൻ:— (ദേവസേനയോട്) നിക്കവിടെ. എങ്ങടാ പോണ്? (പാവ്വതിയോടും ദേവകിയോടും) ഉം. നിങ്ങക്ക് പോവ്വാം.

ദേവസേന:— ഞാനിവരടെക്കൂടെ പോവ്ാ.

അപ്ഫൻ:— പോവേ്? ജന്തു! തെരണ്ടിരിക്കണ പെങ്ക്ടാവാണൊക്കെ മറന്നോ? (പാവ്വതിയോട്) പോവാംന്നല്ലേ പറഞ്ഞത്? ഇതിനായി വരേ്, ല്ലേ? ധൂമകേതുക്കള്!

അമ: അമ്മ:— ഞാൻ നിരീച്ചേണ്ടായില്യേ. പാലപ്രത്താത്തേമ്മാരും പറമ്പൂരെ പെങ്ക്ടാവ്പാത്രേ.

അപ്ഫൻ:— എനിയ്ക്കാരായാലും വേണ്ടില്ല. എന്താ നിക്കണേ, പോവാണ്ടേ? പാല്യേത്ത്ന് പോലീ

സ്സ്കാരടെ കയ്യിൽനിന്ന കിട്ടിയ്യ മതിയായില്ലേ? എന്റെ കയ്യിന്നും കിട്ടണൊ?

പാൎവ്വതി:— ഞങ്ങൾക്ക് അടി പുല്ല്യാണ്. ദേവസേനേക്കൊണ്ടേ ഞങ്ങള് പോവ്വൂ. അതിനാ ഞങ്ങള് വന്നടക്കണെത്.

അഫ്ഫൻ:— എന്നാ അത് തരാവില്ല്യ. തൊണ്ടിരിക്കണെ പെങ്കിടാങ്ങളെ പിടിച്ചു കൊണ്ടോവേ? അത്രായില്ല്യാ, ഇവടെ.

ദേവകി:— നാളെ എന്തായാലും ദേവസേനെ ആരാനും എവടെള്ളതാന്നും രൂപല്ല്യാത്ത ആക്കൊ കൊടുത്ത് ഭാരം ഒഴിക്കാനല്ലേ വെച്ചിട്ടുള്ളത്? അത്ര് ഞങ്ങടെക്കൂടെ പോണോട്ടെ. ഇവടെ ഭാരം ചുയ്യാന്നല്ലേള്ളു, നമ്പൂരിക്ക്?

അഫ്ഫൻ:— കൊടുക്കാൻ നിരീക്കണോണ്ടെന്ന്യാ കൊണ്ടുവാൻ പാടില്ല്യാന്ന് പറഞ്ഞത്.

ദേവസേന:— ഇങ്ങനെ കൊടുക്കണെത് എനിക്ക് സമ്മതല്ല്യ. ഞാനെവിടെങ്കിലും പോയി എന്റെ പാട്ട നോക്കിക്കോളാം.

അഫ്ഫൻ:— നെന്റെ സമ്മതം നോക്കുന്നു. അത്രായില്ല്യാ ഇവടെ അകത്തേക്ക് പോവാനല്ലേ പറഞ്ഞത്.

ദേവസേന:— എന്നെ ബാധിക്കണെ കാൎയ്യത്തില് എന്റെ സമ്മതം നോക്ക്യേകഴിയൂ. ആക്കെങ്കിലും പിടിച്ചുകൊടുക്കാനൊന്നും തരാവില്ല്യ. അകത്തക്കല്ലാ പൊറത്തക്കന്ന്യാ പോണ്-നടക്ക പാൎവ്വതി! നോക്ക് പോവ്വാം.

അപ്ഫൻ:— എന്താ കാണണോ? നിക്കവിടെ, ദേവകിണേ.

ദേവകി:— മാറൂ അങ്ങട്. തടുക്കാൻ വര്വാ? തന്റേടംല്യാണ്ടെ ഒരുട്ടം കാട്ടണ്ട-അതാ നല്ലത്.

അമ: അമ്മ:— ഇത്ര വന്ന്യേ, പെങ്കിടാങ്ങളായ്യാല്. ഇനി എന്താവേണ്ടേന്റീശ്വരാ.

പാർവ്വതി:— ഒന്നും വേണ്ട. ദേവസേന ഞങ്ങടെ കൂടെ പോന്നോട്ടെ. അതിനെ തടുക്കാഞ്ഞാ മതി. (ദേവസേനയോടു) വരൂ. നോക്ക് പോവ്വാ. (മൂന്നാളും പോവാൻ ഭാവിക്കുന്നു)

അപ്ഫൻ:— നിന്നോടല്ലേ പറഞ്ഞത്, പോവാൻ പാടില്യാന്ന്? അവടെനിക്ക്. (ദേവസേനേടെ കൈ പിടിക്കുന്നു)

ദേവസേന— കയ്യ് വിടൂ. (കുതറി വിടുവിക്കുന്നു)

പാർവ്വതി:— (ദേവസേനയെ മാററിനിർത്തി) അങ്ങട് മാറിനിന്നോളൂ മര്യാദക്ക്. അതാ നല്ലത്. പെൺകിടാങ്ങളെ പണത്തിന് വേണ്ടി വിക്കണം. എന്നിട്ട് വേള് പെങ്കൊടടാന്നും. ഇതൊക്കെ ആരും മനസ്സിലാക്കില്യാന്നിരിക്കണുണ്ടോ? ദേവസേനക്ക് അമ്മേം അച്ഛനും ഇല്യാച്ചിട്ട് പണത്തിന് വേണ്ടി അതിന്റെ ജീവിതം പാഴാക്ക്യാ ആരും ചോദിക്കാൻല്യാന്ന് നിരീച്ചു, അല്ലേ. മര്യാദേം മനുഷ്യസ്നേഹോംല്യാത്ത ഈ വക കാടത്തങ്ങള് കാട്ടാൻ നാണല്യേലോ. വല്ല്യേ പരിഷ്ക്കാര്യാത്രേ പരിഷ്ക്കാരി! കഴിഞ്ഞതൊക്കെക്കഴിഞ്ഞു. ഇനീം അക്രമത്തിനു വന്നാ അതിന് ശേഷണ്ട്. നോക്കു പോവ്വാ.

അപ്ഫൻ:— നീയാടി എന്നെ ഗുണദോഷിക്കാൻ.

[അപ്ഫൻനമ്പൂരി പാർവ്വതിയെ മാററി ദേവസേനയെ പിടിക്കാൻ നോക്കുന്നു. പാർവ്വതി: "ഉയ്യോ" എന്നു പറഞ്ഞ് ഉന്തിയിട്ട് എല്ലാവരുംകൂടി പോകുന്നു]

(കർട്ടൻ)

കേരള സാഹിത്യ അക്കാദമി

നിങ്ങൾ വായിച്ചുവൊ?

1 ഉഷസ്സ്
(കേശവദേവിന്റെ ചെറുകഥാസമാഹാരം) 1—4—

2. പ്രതികാരദേവത
(അക്കിത്തം) 0—4—

3. ആഗസ്റ്റ് പതിനഞ്ച്
പട്ടേരി (തുള്ളൽ) 0—4—

4 കണ്ണീർമൊഴി. (കെ. എം. സി) 0—4—

അച്ചടിയിൽ

1. പ്രേംജി പാടുന്നു.
(പ്രേംജി) 0—4—

2. മൌനഗാനം. ,, 0 12—

3. പോംവഴി.
(വി. ടി. യുടെ ചെറുകഥകൾ) 0 12—

അക്കാദമി

ആവശ്യപ്പെടുക:—

യോഗക്ഷേമം ലിമിറ്റഡ്,
തൃശ്ശിവപേരൂർ.

കേരള സാഹിത്യ
അക്കാദമി